


# ടൈംസ് ഓഫ് അമേരിക്ക
TIMES of AMERICA

2026 ഒക്ടോബർ 15 – 30

Volume XX Issue 20

**അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക**





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: timesofamerica.org
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







## സംഘർഷം രൂക്ഷം: സൗദി അറേബ്യയിലേക്ക് യാത്രാ മുന്നറിയിപ്പുമായി യു.എസ് എംബസി

റിയാദ്: ഇറാനും ഇറാൻ പിന്തുണയുള്ള ഹൂതികളും അമേരിക്കൻ താൽപര്യങ്ങൾക്ക് നേരെ ഡ്രോൺ, മിസൈൽ ആക്രമണങ്ങൾ നടത്താൻ സാധ്യതയുള്ളതിനാൽ, സൗദി അറേബ്യയിലേക്കുള്ള യാത്ര പുനപരിശോധിക്കാൻ യു.എസ് പൗരന്മാരോട് യു.എസ് എംബസി ആവശ്യപ്പെട്ടു. കൂടാതെ, ഭീകരവാദ ഭീഷണി ചൂണ്ടിക്കാട്ടി യമനിലേക്കുള്ള യാത്ര പൂർണമായി ഒഴിവാക്കാനും പൗരന്മാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

തലസ്ഥാനത്ത് സൗദി പിന്തുണയുള്ള സേനയുമായി ഹൂതി പോരാളികൾ നേരിട്ട് ഏറ്റുമുട്ടിക്കൊണ്ടിരിക്കുകയാണെന്ന് ഗ്രൂപ്പിന്റെ സൈനിക വക്താവ് യഹ്യ സരീ അറിയിച്ചു. നഗരത്തിൽ സ്ഫോടനശബ്ദം കേട്ടതായി ദൃക്സാക്ഷികളും സ്ഥിരീകരിച്ചു.

സൻആയുടെ പടിഞ്ഞാറൻ ഭാഗത്തുള്ള എണ്ണ കേന്ദ്രങ്ങൾ ലക്ഷ്യമാക്കി സൗദി സഖ്യസേന വ്യോമാക്രമണം നടത്തിയതായി ഹൂതി അനുകൂല മാധ്യമമായ അൽമസിറയും റിപ്പോർട്ട് ചെയ്തു. സഖ്യസേന വക്താവ് തുർക്കി അൽ മാലകി പ്രദേശവാസികൾക്ക് നൽകിയ ഒഴിപ്പിക്കൽ മുന്നറിയിപ്പിന് തൊട്ടുപിന്നാലെയായിരുന്നു ഈ ആക്രമണങ്ങൾ.

അതേസമയം, യമന്റെ അന്താരാഷ്ട്ര അംഗീകൃത സർക്കാരിന് വേണ്ടി പോരാടുന്ന സൗദി പിന്തുണയുള്ള സേന, സഅദ ഗവർണറേറ്റിലെ റാസിഹ് അതിർത്തി ജില്ലയായ ബാനി മുഈൻ, ബാക്കിൽ എന്നിവിടങ്ങളിൽ കുറഞ്ഞത് രണ്ട് വ്യോമാക്രമണങ്ങൾ കൂടി നടത്തിയതായി ഹൂതി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## യു.എസ്.ഐ.സി.എസ് ഇമിഗ്രേഷൻ ഫീസുകൾ വർദ്ധിപ്പിച്ചു: പുതിയ നിരക്കുകളിൽ വർദ്ധനവ്




വാഷിംഗ്ടൺ ഡിസി: യു.എസിൽ അഭയം തേടുന്നവരുടെയും കുടിയേറ്റക്കാരുടെയും ചില പ്രധാന ഫീസുകൾ വർദ്ധിപ്പിച്ചുകൊണ്ട് യു.എസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് ഉത്തരവിട്ടു. 2026 ഒക്ടോബർ 16 മുതൽ പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരും.

പണപ്പെരുപ്പ നിരക്കിലെ വർദ്ധനവ് കണക്കിലെടുത്താണ് ഈ നടപടി. വാർഷിക അഭയ അപേക്ഷാ ഫീസ് 102 ഡോളറിൽ നിന്ന് 105 ഡോളർ ആയി ഉയർന്നു. ഇമിഗ്രേഷൻ പെറോൾ ഫീസ് 1,020 ഡോളറിൽ നിന്ന് 1,050 ഡോളർ ആയി വർദ്ധിച്ചു. പ്രാരംഭ വർക്ക് പെർമിറ്റ് ഫീസ് 560 ഡോളറിൽ നിന്ന് 570 ഡോളർ ആയി വർദ്ധിച്ചു. താൽക്കാലിക സംരക്ഷിത പദവി അപേക്ഷ 510 ഡോളറിൽ നിന്ന് 520 ഡോളറായി ഉയർന്നു.

2026 ഒക്ടോബർ 16നോ അതിനുശേഷമോ പോസ്റ്റ്മാർക്ക് ചെയ്യുന്ന അപേക്ഷകൾക്ക് മാത്രമേ പുതിയ ഫീസ് ബാധകമാകൂ. പുതിയ ഫീസ് അടയ്ക്കാതെ അയക്കുന്ന അപേക്ഷകൾ യു.എസ്.ഐ.സി.എസ് നിരസിക്കുന്നതായിരിക്കും. ട്രംപ് ഭരണകൂടത്തിന്റെ പുതിയ കുടിയേറ്റ നയങ്ങളുടെയും നിയമങ്ങളുടെയും ഭാഗമായാണ് ഈ വാർഷിക ഫീസ് ക്രമീകരണം. ഈ ഫീസ് വർദ്ധനവ് മാനുഷിക പരിഗണനയോടെ എത്തുന്ന കുടിയേറ്റക്കാർക്ക് കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് അവകാശവാദികൾ വിമർശിക്കുമ്പോൾ, അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള ചെലവുകൾ കണ്ടെത്താനാണ് ഫീസ് വർദ്ധിപ്പിച്ചതെന്ന് ഭരണകൂടം വ്യക്തമാക്കുന്നു.

## ട്രംപ് ഭരണകൂടത്തിന്റെ പരസ്യ കാമ്പെയ്ന് തിരിച്ചടി; നികുതിപ്പണം ഉപയോഗിച്ചുള്ള പരസ്യങ്ങൾക്ക് കോടതി വിലക്ക്

**– പി.പി ചെറിയാൻ**

വാഷിങ്ടൺ: നികുതിദായകരുടെ പണം ഉപയോഗിച്ച് ട്രംപ് ഭരണകൂടം നൽകിയ വിവാദ പരസ്യങ്ങൾ ഉടൻ നിർത്തിവെക്കാൻ യു.എസ് ഫെഡറൽ കോടതിയുടെ ഉത്തരവ്. ഞായറാഴ്ച രാത്രി സംപ്രേഷണം ചെയ്യാനിരുന്ന പരസ്യങ്ങൾ റദ്ദാക്കാനും ഭാവിയിൽ ഈ കാമ്പെയ്ൻ പുനരാരംഭിക്കുന്നത് തടയാനുമാണ് യു.എസ് ജില്ലാ ജഡ്ജി ജെന്നിഫർ റോച്ചൻ ഉത്തരവിട്ടത്.

കസ്റ്റംസ് ആൻഡ് ബോർഡർ പെട്രോളിന്റെ ഫണ്ടിൽ നിന്ന് 20 ദശലക്ഷം ഡോളർ ചെലവഴിച്ചാണ് ദേശീയ ടെലിവിഷൻ ചാനലുകളിൽ ഈ പരസ്യങ്ങൾ നൽകിയിരുന്നത്. ഇവ രാഷ്ട്രീയ ലക്ഷ്യങ്ങളോടെയുള്ളതാണെന്ന് ചൂണ്ടിക്കാട്ടി ഡെമോക്രാറ്റിക് നാഷണൽ കമ്മിറ്റിയും കോമൺ കോസ് സംഘടനയും കോടതിയെ സമീപിക്കുകയായിരുന്നു. പരസ്യങ്ങൾ താൽക്കാലികമായി നിർത്താമെന്ന് ഭരണകൂടം വാഗ്ദാനം ചെയ്തെങ്കിലും, കോടതി ഈ വാദം തള്ളിക്കൊണ്ട് സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്.

## സൂപ്പർ ഇന്റലിജൻസ് സമൃദ്ധിയുടെ യുഗം സൃഷ്ടിക്കുമെന്ന് ഇലോൺ മസ്ക്

**– സണ്ണി മാളിയേക്കൽ**



വാഷിങ്ടൺ: സൂപ്പർ ഇന്റലിജൻസും റോബോട്ടിക്സും മനുഷ്യരുടെ ജീവിതനിലവാരം ഉയർത്തുകയും ലോകത്തെ സമൃദ്ധിയുടെ പുതിയ യുഗത്തിലേക്ക് നയിക്കുകയും ചെയ്യുമെന്ന് സ്പേസ് എക്സ് സിഇഒ ഇലോൺ മസ്ക്.

സെപ്റ്റംബർ 29ന് വൈറ്റ് ഹൗസിൽ നടന്ന സാങ്കേതികവിദ്യാ നേതാക്കളുടെ യോഗത്തിനുശേഷമായിരുന്നു മസ്കിന്റെ പ്രതികരണം. നിർമിതബുദ്ധിയും റോബോട്ടുകളും തൊഴിൽ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെങ്കിലും പുതിയ അവസരങ്ങൾക്ക് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഭാവിയിൽ അടിസ്ഥാന വരുമാനത്തിനു പകരം എല്ലാവർക്കും ഉയർന്ന വരുമാനം ലഭിക്കുന്ന സാഹചര്യം രൂപപ്പെടാമെന്ന് മസ്ക് അഭിപ്രായപ്പെട്ടു. ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഇന്ന് സമ്പന്നർക്ക് ലഭിക്കുന്നതിനെക്കാൾ മികച്ച ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കാനും സൂപ്പർ ഇന്റലിജൻസിനും റോബോട്ടുകൾക്കും കഴിയുമെന്നും അദ്ദേഹം അവകാശപ്പെട്ടു.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

www.timesofamericanmalayali.com

ഈ ലക്കത്തിൽ

സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ




കലാകേരളത്തിന്റെ സൂര്യമൂർത്തി

ജോർജ് തഴക്കര



അഴീക്കോട് എന്ന വിചാരശില്പി



ഡോ.പോൾ മണലിൽ



# കലാപ്രതിഭകളുടെ സംഗമത്തിന് ഒരുങ്ങി ശാക്തേയം 2027 കൺവെൻഷൻ; വീണ രാധാകൃഷ്ണൻ കലാമത്സരങ്ങളുടെ ചെയർപേഴ്സൺ




ന്യൂയോർക്ക്: മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ് സംഘടിപ്പിക്കുന്ന മൂന്നാമത് ഗ്ലോബൽ ഹിന്ദു കൺവെൻഷനായ ശാക്തേയം 2027ന്റെ കലാമത്സര വിഭാഗം ചെയർ പേഴ്സണായി ന്യൂജേഴ്സിയിൽ നിന്നുള്ള വീണ രാധാകൃഷ്ണൻ ചുമതലയേറ്റു. പ്രശസ്ത പിന്നണി ഗായിക ജ്യോത്സ്ന രാധാകൃഷ്ണന്റെ സഹോദരിയാണ് വീണ.

2027 ജൂലൈ 2 മുതൽ 5 വരെ കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള ഡബിൾട്രീ ബൈ ഹിൽട്ടൺ ഹോട്ടലിൽ നടക്കുന്ന ശാക്തേയം കൺവെൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കും ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന കലാമത്സരങ്ങൾ.

ന്യൂയോർക്ക്, ന്യൂജേഴ്സി, കണക്റ്റിക്കട്ട് എന്നിവിടങ്ങളിലെ മലയാളി സമൂഹത്തിൽ ധാരാളം മികച്ച കലാപ്രതിഭകളുള്ളതിനാൽ ട്രൈസ്റ്റേറ്റ് മേഖലയിൽനിന്ന് വലിയ പങ്കാളിത്തമാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള മികച്ച കലാകാരന്മാരും കലാകാരികളും മത്സരങ്ങളിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. ദേശീയതലത്തിലെ പ്രതിഭകളെ ഒരേ വേദിയിൽ അണിനിരത്തുന്ന ശ്രദ്ധേയമായ കലാസംഗമമായി ശാക്തേയം 2027 മാറും.

കലാരംഗത്തുള്ള വ്യക്തിപരമായ അനുഭവവും സംഘടനാപ്രവർത്തനങ്ങളിലുള്ള സജീവപങ്കാളിത്തവും വീണ രാധാകൃഷ്ണന്റെ നേതൃത്വത്തിന് കരുത്തേകുന്നു. നൃത്തത്തിലും കൊറിയോഗ്രഫിയിലും പ്രത്യേക താൽപര്യമുള്ള വീണ ഇന്നും തന്റെ കലാപ്രവർത്തനങ്ങൾ സജീവമായിതുടരുന്നു.

വീണ രാധാകൃഷ്ണന്റെ നേതൃത്വവും കലാരംഗത്തെ പരിചയസമ്പത്തും ശാക്തേയം 2027ലെ കലാമത്സരങ്ങൾക്ക് വലിയ മുതൽക്കൂട്ടാകുമെന്ന് സംഘടനയുടെ ദേശീയ കൾച്ചറൽ കമ്മിറ്റി ചെയർപേഴ്സൺ സ്മിത ഹരിദാസ് അഭിപ്രായപ്പെട്ടു. കലാപരമായ കഴിവുകൾക്കൊപ്പം സംഘാടനമികവും മികച്ച ഏകോപനശേഷിയുമുള്ള വീണയുടെ സാന്നിധ്യം മത്സരങ്ങളുടെ ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഏറെ സഹായകരമാകും. ദേശീയതലത്തിൽ വിപുലമായി സംഘടിപ്പിക്കുന്ന കലാമത്സരങ്ങൾ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്താൻ വീണയുടെ നേതൃത്വത്തിന് കഴിയുമെന്ന ആത്മവിശ്വാസമുണ്ടെന്നും സ്മിത ഹരിദാസ് പറഞ്ഞു.

ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ റിസർച്ച് കൊമേഴ്സ്യലൈസേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന വീണ, ക്ലീൻ ബ്യൂട്ടി ബ്രാൻഡായ ശുദ്ധ ബ്യൂട്ടിയുടെ സഹസ്ഥാപക കൂടിയാണ്.

കേരളത്തിലെ സാംസ്കാരിക നഗരമായ തൃശൂർ സ്വദേശിനിയായ വീണ, ഭർത്താവിനും കൗമാരപ്രായക്കാരായ രണ്ട് പെൺമക്കൾക്കുമൊപ്പം ന്യൂജേഴ്സിയിലെ ഹോപ്പ്വെല്ലിലാണ് താമസം.

പുതുതലമുറയിലെ കലാപ്രതിഭകളെ പ്രോത്സാഹിപ്പിക്കുക, ഭാരതീയ കലാപാരമ്പര്യത്തെ അമേരിക്കൻ മലയാളി സമൂഹത്തിൽ കൂടുതൽ ശക്തിപ്പെടുത്തുക, ദേശീയതലത്തിൽ കലാകാരന്മാർക്ക് മികച്ച വേദിയൊരുക്കുക എന്നിവയാണ് ശാക്തേയം 2027 കലാമത്സരങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ.

# ക്രിസ്തോസ് മാർത്തോമ്മാ വാർഷിക ഇടവക കൺവൻഷൻ

ഫിലഡൽഫിയ: ക്രിസ്തോസ് മാർത്തോമ്മാ ഇടവകയുടെ വാർഷിക ഇടവക കൺവൻഷൻ 2026 ഒക്ടോബർ 22, 23, 24 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ നടക്കും. ദിവസവും വൈകിട്ട് 6:30 മുതൽ 8:30 വരെ 9999 ഗാൻട്രി റോഡിലുള്ള ദേവാലയത്തിലാണ് യോഗങ്ങൾ.

തിരുവല്ല മാർത്തോമ്മാ കോളേജ് സാമ്പത്തികശാസ്ത്ര ബിരുദാനന്തര ബിരുദഗവേഷണ വിഭാഗം മുൻ പ്രൊഫസറും വകുപ്പ് മേധാവിയുമായ പ്രൊഫ. ഡോ.ജോർജ് മാത്യു (തിരുവല്ല) മുഖ്യപ്രസംഗകനായി ദൈവവചനം ശുശ്രൂഷിക്കും. സിവിൽ സർവീസ് പരീക്ഷാ പരിശീലകനും മെന്ററുമായ അദ്ദേഹം കോന്നിയിലെ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ റിസോഴ്സ് പേഴ്സണായി ക്ലാസുകൾ നയിക്കുന്നു. പ്രശസ്ത വചന പ്രഘോഷകൻ കൂടിയാണ് അദ്ദേഹം.

ഗാനശുശ്രൂഷ, പ്രാർത്ഥന, വചനധ്യാനം എന്നിവ ഉൾപ്പെടുന്ന യോഗങ്ങളിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി ഇടവക ഭാരവാഹികൾ അറിയിച്ചു.

# താമ്പായിൽ മിഷൻ ലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം ആവേശഭരിതമായി



ഫ്ലോറിഡ : താമ്പായിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ മിഷൻ ലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം ആവേശഭരിതമായി. 2026-2027 വർഷത്തെ മിഷൻ ലീഗ് പ്രവർത്തനങ്ങൾ ഇടവക വികാരി ഫാ.ജോസ് ആദോപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു.

മിഷൻ ലീഗ് ദേശീയ പ്രസിഡന്റും അന്തർദേശീയ ഓർഗനൈസറുമായ സിജോയ് പറപ്പള്ളിൽ ആമുഖ പ്രഭാഷണം നടത്തി. റീജിയണൽ വൈസ് ഡയറക്ടർ സിസ്റ്റർ സാന്ദ്രാ എസ്.വി.എം., യൂണിറ്റ് ഓർഗനൈസർ എബിൻ തടത്തിൽ, ജോയിന്റ് ഓർഗനൈസർ റോസ്‌ലിൻ കാഞ്ഞിരത്തിങ്കൽ എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി മിലാന പുളിക്കീൽ (പ്രസിഡന്റ്), ലൂക്ക് തെക്കേഎർത്തുമണ്ണിൽ (വൈസ് പ്രസിഡന്റ്), മരീസ്സാ മുടീകുന്നേൽ (സെക്രട്ടറി), അലൻ ആക്കൽകൊട്ടാരം (ജോയിന്റ് സെക്രട്ടറി) എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് ശുശ്രൂഷ നിർവ്വഹിച്ചു

# കാരുണ്യത്തിന്റെ കരുതൽപ്പാത തീർത്ത് ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്



**- ശങ്കരൻകുട്ടി, ഹൂസ്റ്റൻ**

ടെക്സസ്: കാരുണ്യം വാക്കുകളിൽ ഒതുങ്ങേണ്ടതല്ലെന്നും, അത് സഹജീവികളുടെ ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചം പകരുന്ന പ്രവൃത്തിയായി മാറണമെന്നും ലോകത്തോട് വിളിച്ചുപറഞ്ഞു കൊണ്ട് ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ശ്രദ്ധേയമായൊരു മാനവിക ദൗത്യം പൂർത്തിയാക്കി.

ടെക്സാസിലെ സ്റ്റാഫോർഡിലുള്ള ഒരു ട്രെയിലർ പാർക്കിൽ താമസിക്കുന്ന, നടക്കാൻ കഴിയാത്തതും കിടപ്പിലായതുമായ പത്തു വയസ്സുകാരി പെൺകുട്ടിക്കായി 64 അടി നീളമുള്ള വിശാലമായ ഭിന്നശേഷി സൗഹൃദ റാംപ് നിർമ്മിച്ചുനൽകിയാണ് ക്ലബ് സേവനത്തിന്റെ മഹത്തായ മാതൃക തീർത്തത്.

ഒരു കുട്ടിയുടെ പരിമിതികളെ തിരിച്ചറിഞ്ഞ്, അവളുടെ ജീവിതയാത്രയിൽ കൂടുതൽ സൗകര്യവും സ്വാതന്ത്ര്യവും ഉറപ്പാക്കാൻ കൈകോർത്ത ഈ സംരംഭം, മനുഷ്യസ്നേഹത്തിന്റെ ഉദാത്തമായ സന്ദേശമാണ് സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നത്. ശാരീരിക പരിമിതികൾ ഒരാളുടെ ജീവിതസാധ്യതകളെ തടസ്സപ്പെടുത്തരുതെന്ന മഹത്തായ ചിന്തയുടെ പ്രായോഗിക സാക്ഷ്യമായി ഈ റാംപ് മാറുന്നു. ഈ ബൃഹത്തായ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിലെ അംഗങ്ങൾ രാവിലെ ആറുമണി മുതൽ ഉച്ചയ്ക്ക് പന്ത്രണ്ടുമണി വരെ തുടർച്ചയായി ആറുമണിക്കൂർ കഠിനാധ്വാനം ചെയ്തു.

ലയൺ പയസ് കുര്യന്റെ നേതൃത്വത്തിൽ വിദഗ്ധരും സന്നദ്ധപ്രവർത്തകരുമായ അംഗങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിച്ചാണ് ഈ പ്രത്യേക നിർമാണപദ്ധതി വിജയകരമായി പൂർത്തിയാക്കിയത്. സേവനമെന്നത് ഒരു കടമ മാത്രമല്ല, മറ്റൊരാളുടെ ജീവിതത്തിൽ പ്രതീക്ഷയുടെ വാതിൽ തുറക്കുന്ന മഹത്തായ ഉത്തരവാദിത്തമാണെന്ന സന്ദേശമാണ് ഈ കൂട്ടായ പരിശ്രമം നൽകുന്നത്.

2023ന്റെ അവസാനത്തോടെ ആരംഭിച്ച ഭിന്നശേഷിക്കാർക്കായുള്ള റാംപ് നിർമാണ പ്രവർത്തനങ്ങൾ ഫോർട്ട് ബെൻഡ് കൗണ്ടിയിൽ ക്ലബ്ബിന്റെ പ്രധാന ജീവകാരുണ്യ സംരംഭങ്ങളിലൊന്നായി വളർന്നു. ഓരോ മാസവും അർഹരായ ഒരാൾക്കെങ്കിലും പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു റാംപ് നിർമ്മിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന ക്ലബ്, 2024 മുതൽ ടെക്സാസ് ലയൺസ് ക്ലബ് റാംപ് ബിൽഡേഴ്സ് ഏജൻസിയുടെ ഔദ്യോഗിക അംഗീകാരമുള്ള റാംപ് നിർമാണ ക്ലബ്ബുകളിലൊന്നായി പ്രവർത്തിച്ചുവരുന്നു.

പദ്ധതിയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ച എല്ലാ ലയൺസ് അംഗങ്ങളെയും പ്രസിഡന്റ് ബോസ് കുര്യനും സെക്രട്ടറി ഷിജു കുര്യനും അഭിനന്ദിച്ചു. സഹജീവികളുടെ ജീവിതം കൂടുതൽ സുഖകരവും പ്രതീക്ഷാനിർഭരവുമാക്കാൻ അംഗങ്ങൾ പ്രകടിപ്പിച്ച സമർപ്പണത്തെയും സേവനമനോഭാവത്തെയും അവർ പ്രത്യേകം പ്രശംസിച്ചു.

മനുഷ്യസേവനത്തിന്റെ ഈ മഹത്തായ പാതയിൽ മുതിർന്ന അംഗങ്ങൾക്കൊപ്പം പുതുതലമുറയും സജീവമായി മുന്നേറുകയാണ്. അതിന്റെ ഉത്തമ ഉദാഹരണമായി, ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിന്റെ സ്പോൺസർഷിപ്പിലും മാർഗനിർദേശത്തിലും പ്രവർത്തിക്കുന്ന 12 മുതൽ 18 വയസ്സുവരെയുള്ള യുവജനസംഘമായ ഹൂസ്റ്റൺ ▶

# മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ സിൽവർ ജൂബിലി ആഘോഷങ്ങൾ 17ന്

ചിക്കാഗോ: സേവനത്തിന്റെയും സൗഹൃദത്തിന്റെയും പ്രൊഫഷണൽ മികവിന്റെയും കാൽനൂറ്റാണ്ട് പിന്നിടുന്ന മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ രജതജൂബിലി നിറവിൽ. 2001ൽ ചിക്കാഗോയിലെ മലയാളി റെസ്പിറേറ്ററി കെയർ പ്രാക്ടീഷണർമാരുടെ കൂട്ടായ്മയായി രൂപംകൊണ്ട സംഘടനയുടെ ഒരു വർഷം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം 2026 ഒക്ടോബർ 17ന് ശനിയാഴ്ച വൈകിട്ട് ആറിന് മൗണ്ട് പ്രോസ്പെക്ടിലെ ഒലിവ് പാലസ് ബാങ്ക്വറ്റ് ഹാളിൽ വിപുലമായ പരിപാടികളോടെ നടക്കും.

ഇല്ലിനോയി സൊസൈറ്റി ഫോർ റെസ്പിറേറ്ററി കെയർ പ്രസിഡന്റ് ജീന ഹൂട്സ് മുഖ്യപ്രഭാഷണം നടത്തും. എഎആർസി ഡയറക്ടർ അറ്റ് ലാർജ് ആൻ ഗീസ്റ്റ്കെമ്പറും ചിക്കാഗോയിലെ വിവിധ പ്രൊഫഷണൽ സംഘടനകളായ ഐഎൻഎഐ, ഐഎസ്എഐ, എആർപികെഐ, എംആർ.എ എന്നിവയുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

സംഘടനയുടെ രൂപീകരണം മുതൽ വളർച്ചയുടെയും നേട്ടങ്ങളുടെയും വിവിധ ഘട്ടങ്ങളിലൂടെ പിന്നിട്ട കാൽനൂറ്റാണ്ടിന്റെ ചരിത്രം അടയാളപ്പെടുത്തുന്ന സിൽവർ ജൂബിലി സുവനീർ ചടങ്ങിൽ ഐഎസ്ആർസി പ്രസിഡന്റ് ജീന ഹൂട്സ് പ്രകാശനം ചെയ്യും.

ആഘോഷങ്ങളുടെ വിജയത്തിനായി വിപുലമായ തയ്യാറെടുപ്പുകളാണ് നടന്നുവരുന്നതെന്ന് ജൂബിലി കമ്മിറ്റി കോ ഓർഡിനേറ്റർ സ്കറിയക്കുട്ടി തോമസ്, സെക്രട്ടറി വിജയൻ വിൻസെന്റ്, ട്രഷറർ രഞ്ജി വർഗീസ് എന്നിവർ അറിയിച്ചു.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രസിഡന്റ് ടോം ജോസ്, സെക്രട്ടറി സമയ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, വൈസ് പ്രസിഡന്റ് സണ്ണി കൊട്ടുകാപ്പള്ളി, ജോയിന്റ് സെക്രട്ടറി റോണിഷ് മാത്യു, ജോയിന്റ് ട്രഷറർ സന്തോഷ് ജോർജ്, ജനറൽ ഓർഗനൈസർ ബിൻസി എലിയാസ്, എഡ്യൂക്കേഷണൽ കോഓർഡിനേറ്റർ ട്രീസ ഷെയ്, പി.ആർ.ഒ. ബിജു മുണ്ടക്കൽ എന്നിവർ ആഘോഷങ്ങളുടെ വിജയത്തിനായി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

## കാരുണ്യത്തിന്റെ കരുതൽപ്പാത തീർത്ത് ഹൂസ്റ്റൺ ഇൻഡസ് ലയൺസ്

ഫൗണ്ടേഷൻ ലിയോസിലെ അംഗങ്ങൾ ബഫല്ലോ ബായൂ പാർക്കിൽ സംഘടിപ്പിച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും ശ്രദ്ധേയമായി. പാർക്കിലെ മൈലുകളോളം നീളുന്ന ജോഗിങ് പാതയോരങ്ങളിൽ വളർന്ന് ചെറിയ മരങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന കളകളും വള്ളികളും നീക്കം ചെയ്തു കൊണ്ടായിരുന്നു യുവ ലിയോകളുടെ സേവനപ്രവർത്തനം.

ദിവസേന ആയിരക്കണക്കിന് ആളുകൾ ഉപയോഗിക്കുന്ന ഈ പൊതുസ്ഥലത്തിന്റെ പ്രകൃതിഭംഗിയും പരിസ്ഥിതി സന്തുലിതാവസ്ഥയും സംരക്ഷിക്കാനുള്ള അവരുടെ പരിശ്രമം, പ്രകൃതിയോടുള്ള ഉത്തരവാദിത്തബോധത്തിന്റെ മനോഹരമായ പ്രകടനമായി മാറി.നോബൽ ആന്റുവിന്റെയും ജോഷ്വ കുര്യന്റെയും നേതൃത്വത്തിൽ യുവ ലിയോ അംഗങ്ങൾ ഈ സാമൂഹിക സേവന പരിപാടി ആസൂത്രണം ചെയ്യുകയും ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിലെ മുതിർന്ന അംഗങ്ങൾ ആവശ്യമായ സഹായവും മാർഗനിർദേശവും നൽകി യുവാക്കൾക്കൊപ്പം നിലകൊണ്ടു. പരിസ്ഥിതി സംരക്ഷണം എന്നത് കേവലം ഒരു ആശയമല്ല, ഓരോ വ്യക്തിയും ജീവിതത്തിൽ ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് പുതുതലമുറയിൽ വളർത്തുന്നതിൽ ഈ പ്രവർത്തനത്തിന് വലിയ പ്രാധാന്യമുണ്ട്. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനും സ്വാഭാവിക ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിന് സംഭാവന നൽകാനും യുവജനങ്ങൾക്ക് അവസരം ഒരുക്കിയ ഈ സംരംഭം, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരെ വാർത്തെടുക്കാനുള്ള മികച്ച മാതൃക കൂടിയാണ്.

സമൂഹത്തിലെ മനുഷ്യരെയും പൊതുസ്ഥാപനങ്ങളെയും പരിസ്ഥിതിയെയും സേവിക്കുന്നതിലൂടെ, സാമൂഹികവും ജീവകാരുണ്യപരവുമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ഭാവിയിലെ ലയൺസ് നേതാക്കളെ പരിശീലിപ്പിക്കുന്നതിലും ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് മാതൃകാപരമായ പങ്കുവഹിക്കുന്നു. കരുണയെ പ്രവർത്തിയാക്കിയും ഐക്യത്തെ കരുത്താക്കിയും സേവനത്തെ ജീവിതദർശനമാക്കിയും മുന്നേറുന്ന ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, സമൂഹത്തിൽ നന്മയുടെ വിത്തുകൾ പാകുന്ന സാർത്ഥകമായ സംരംഭങ്ങളായി മാറുകയാണ്. മനുഷ്യസ്നേഹത്തിന്റെ പാതയിൽ തീർത്ത ഈ കരുതൽപ്പാതയും പ്രകൃതിക്കായി ഉയർത്തിയ ഈ സംരക്ഷണഹസ്തവും, സേവനമാണ് യഥാർഥ മഹത്വമെന്ന സന്ദേശം വരുംതലമുറകൾക്കും പകർന്നുനൽകട്ടെ.

**October 16:** World Food Day“World Food Day commemorates the founding of the Food and Agriculture Organization (FAO) in 1945. It focuses on food security, hunger, sustainable agriculture and resilient food systems. For India, the observance connects with nutrition, agricultural productivity, food distribution and sustainable development.

# വേൾഡ് മലയാളി കൗൺസിൽ ഷാർലെറ്റ് പ്രൊവിൻസിന്റെ സ്ഥാപനവും കമ്മറ്റി അംഗങ്ങളുടെ പ്രതിജ്ഞയും നടന്നു



നോർത്ത് കരോളിന: വേൾഡ് മലയാളി കൗൺസിൽ ഷാർലെറ്റ് പ്രൊവിൻസ് (നോർത്ത് കരോളിന) ന്റെ സ്ഥാപനവും കമ്മറ്റി അംഗങ്ങളുടെ പ്രതിജ്ഞയും ശനിയാഴ്ച നടന്നു. പ്രസ്തുത ചടങ്ങിൽ സംഘടനയുടെ ഗ്ലോബൽ, അമേരിക്ക റീജിയൻ ലീഡേഴ്സുമാരായ തോമസ് മൊട്ടക്കൽ (ഗ്ലോബൽ ചെയർമാൻ), ഡോക്ടർ ബാബു സ്റ്റീഫൻ (ഗ്ലോബൽ പ്രസിഡന്റ്), ഷാജി മാത്യു (ഗ്ലോബൽ സെക്രട്ടറി), സണ്ണി വെളിയത്ത് (ഗ്ലോബൽ ട്രഷറർ), ജെയിംസ് കൂടൽ ( വി.പി അഡ്മിൻ), തങ്കം അരവിന്ദ് (വി.പി.അഡ്മിൻ), ഷീല റെജി (ഗ്ലോബൽ വുമൺസ് ഫോറം), രേഷ്മ റെജി (യൂത്ത് ഫോറം), ബ്ലസൺ മണ്ണിൽ (അമേരിക്ക റീജിയൻ പ്രസിഡന്റ്), സാജു തുരത്തേൽ (ഗ്ലോബൽ ഓ.സി.ഐ ചെയർമാൻ), ബിജു ഇട്ടൻ (അമേരിക്കൻ റീജിയൻ വി.പി) എന്നിവർ പ്രസംഗിച്ചു.

പുതിയ റീജിയൻ പ്രതിജ്ഞ തോമസ് മൊട്ടക്കൽ (ഗ്ലോബൽ ചെയർമാൻ) നിർവഹിച്ചു. ഷാർലെറ്റ് പ്രൊവിൻസ് ലീഡേഴ്സ് ഷാജി പീറ്റർ (ചെയർമാൻ), എൽദോ പോൾ (പ്രസിഡന്റ്), സിബി ജേക്കബ് (സെക്രട്ടറി), ഷിബി വർഗീസ് (ട്രഷറർ), ലീലാമ്മ ജോസ് മാണി (വി.പി അഡ്മിൻ), രജത് കാക്കുനാഥ് (വൈസ് ചെയർമാൻ), ജോൺ പീറ്റേഴ്സ് (വൈസ് ചെയർമാൻ), പീറ്റർ കോറാത്ത് (വൈസ് പ്രസിഡന്റ്), ഗ്രേസി ജോസ് (വൈസ് പ്രസിഡന്റ്), ബോബി ജോൺ (ജോയിന്റ് സെക്രട്ടറി), രഞ്ജിത്ത് ഗോപാലൻ (ജോയിന്റ് ട്രഷറർ), നിഷ അലക്സ് (ചെയർമാൻ വുമൺസ് ഫോറം), നിഷ ജോസ് (പ്രസിഡന്റ് വുമൺസ് ഫോറം), പ്രിയ വർഗീസ് (സെക്രട്ടറി വുമൺസ് ഫോറം), എക്സിക്യൂട്ടീവ് മെംബേഴ്സ് ജോർജ് ജോസഫ്, ജോർജ് മാണി, ലാൽസൺ, രുഗ്മിണി ശ്രീജിത്ത്, വിനയ് വിജയൻ എന്നിവരെ തിരഞ്ഞെടുത്തു. യൂത്ത് ഫോറം ഭാരവാഹികളായി ആഗ്നസ് ജേക്കബ്, താഷ പോൾ എന്നിവരെയും മീഡിയ കോഡിനേറ്റർ ആയി അന്നു ജോസിനെയും തിരഞ്ഞെടുത്തു.

ചടങ്ങിൽ ഷാജി പീറ്റർ, എൽദോ പോൾ, സിബി ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഷിബി വർഗീസ് നന്ദി പറഞ്ഞു.

## ന്യൂയോർക്കിൽ അയ്യപ്പ സംഗമത്തിന് തിരി തെളിഞ്ഞു



– ജയപ്രകാശ് നായർ

ന്യൂയോർക്ക്: നോർത്ത് ടൈസൺ സെന്ററിൽ അയ്യപ്പ സംഗമത്തിന് ഭക്തിനിർഭരമായ തുടക്കമായി. അയ്യപ്പ സേവാസംഘം പ്രസിഡന്റ് ഗോപിനാഥക്കുറുപ്പ് ഏവരെയും സ്വാഗതം ചെയ്തുകൊണ്ട് പരിപാടികൾക്ക് തുടക്കം കുറിച്ചു.

തിരുവനന്തപുരം മേയർ വി.വി. രാജേഷ് സൂം മുഖേന അയ്യപ്പ സംഗമം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തുടർന്ന് യജ്ഞാചാര്യൻ ഡോ.മണ്ണടി ഹരി അനുഗ്രഹപ്രഭാഷണം നടത്തി.

ഗുരുസ്വാമി പാർത്ഥസാരഥി പിള്ള, കാനഡയിൽ നിന്നുള്ള ഡോ. സുകുമാർ, ആധ്യാത്മിക ആചാര്യൻ ബാലകൃഷ്ണൻ നായർ, ശങ്കര അദ്വൈതാശ്രമം ഫോർ ഗ്ലോബൽ എൻലൈറ്റൻമെന്റ് പ്രസിഡന്റ് രാജീവ് ഭാസ്കർ, കെ.എച്ച്.എൻ.എ. ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ, മന്ത്ര അഡ്വൈസറി ബോർഡ് ചെയർമാൻ വിനോദ് കെയാർകെ, എൻ.ബി.എ. പ്രസിഡന്റ് ജനാർദ്ദനൻ തോപ്പിൽ, എൻ.എസ്.എസ്. ഓഫ് ഹഡ്സൺ വാലി പ്രസിഡന്റ് അപ്പുക്കുട്ടൻ നായർ തുടങ്ങിയ പ്രമുഖർ ആശംസാപ്രഭാഷണങ്ങൾ നടത്തി.

വിവിധ കലാപരിപാടികൾ സംഗമത്തിന് മാറ്റുകൂട്ടി. തുടർന്ന് ശബരീനാഥ് നായരുടെ നേതൃത്വത്തിൽ നടന്ന അയ്യപ്പഭജന ഭക്തിസാന്ദ്രമായ അന്തരീക്ഷം സൃഷ്ടിച്ചു. പ്രസാദവിതരണത്തോടെയും അന്നദാനത്തോടെയും അയ്യപ്പസംഗമത്തിന് സമാപനമായി.

തുടർന്നുള്ള രണ്ടു ദിവസങ്ങളിലായി എൻ.ബി.എ. സെന്ററിൽ സംഘടിപ്പിക്കുന്ന അയ്യപ്പ ഭാഗവത ജ്ഞാനയജ്ഞത്തിൽ പങ്കെടുക്കാൻ എല്ലാ ഭക്തജനങ്ങളെയും ഹാർദവമായി സ്വാഗതം ചെയ്യുന്നതായി അയ്യപ്പ സേവാസംഘം ഡയറക്ടർ ബോർഡ് അംഗവും ഭജന കോർഡിനേറ്ററുമായ നരേന്ദ്രനാഥ് നായർ (ഹരി) കൃതജ്ഞതാ പ്രസംഗത്തിൽ അറിയിച്ചു.

# ചിക്കാഗോ മലയാളി അസോസിയേഷൻ പത്മഭൂഷൻ ഡോ.കെ.ജെ.യേശുദാസിനെ ആദരിച്ചു



ചിക്കാഗോ: ലോകമലയാളികളുടെ അഭിമാനമായ ഗാനഗന്ധർവ്വൻ കെ.ജെ. യേശുദാസിനെ കഴിഞ്ഞ 65 വർഷക്കാലഘട്ടം ഇന്ത്യൻ സംഗീതലോകത്തിന് നൽകിയ സംഭാവനകളെ കണക്കിലെടുത്തുകൊണ്ട് നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിനു വേണ്ടി ഡാളസിലെ അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ച് ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട് പൊന്നാടയണിച്ചും മെമന്റോ നൽകിയും ആദരിച്ചു.

1961 നവംബർ 14-ാം തീയതി ഗാനം ആലപിച്ചു തുടങ്ങിയ പ്രിയങ്കരനായ കെ.ജെ.യേശുദാസിന്റെ കൂടെ ഏതാനും മണിക്കൂറുകൾ ചിലവഴിക്കാൻ സാധിച്ചത് അങ്ങേയറ്റം അഭിമാനത്തോടു കൂടി കാണുന്നു. നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിനു വേണ്ടി ചിക്കാഗോ മലയാളി അസോസിയേഷന് ഗാനഗന്ധർവ്വനെ ആദരിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

ലോക മലയാളികളോട് യേശുദാസിന് പറയുവാനുള്ളത്സത്യമേ പറയാവൂ, അപ്രിയമായ സത്യങ്ങൾ പറയരുത്, പ്രിയമായ സത്യങ്ങൾ പറയണംഎന്നായിരുന്നു.

# മന്ത്ര വനിതാ ഫോറത്തിന്റെ നേതൃത്വത്തിൽ 20 വരെ ഓൺലൈൻ പരിപാടികൾ




ന്യൂയോർക്ക്: നവരാത്രി ആഘോഷങ്ങൾക്ക് വ്യത്യസ്തമായൊരു മുഖം നൽകിക്കൊണ്ട് മന്ത്ര വനിതാ ഫോറം സംഘടിപ്പിക്കുന്ന നവ ദുർഗ്ഗാ 2026 ഒക്ടോബർ 11ന് ആരംഭിച്ചു. പത്ത് ദിവസങ്ങളിലായി വിവിധ മേഖലകളിൽ പ്രാവീണ്യവും അനുഭവസമ്പത്തുമുള്ള പത്ത് വനിതകളാണ് വിശിഷ്ടാതിഥികളായി എത്തുന്നത്. ഓരോരുത്തരും തങ്ങളുടെ പ്രവർത്തനമേഖലകളിലെ അറിവും അനുഭവങ്ങളും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പങ്കുവയ്ക്കുകയും പ്രസക്തമായ വിഷയങ്ങളിൽ ചർച്ചകൾ നയിക്കുകയും ചെയ്യും.

ആത്മീയതയും ദേവി ഉപാസനയും മുതൽ സ്ത്രീകളുടെ ആരോഗ്യം, ജീവിതശൈലി, സാംസ്കാരിക വിഷയങ്ങൾ തുടങ്ങി നിത്യജീവിതവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ഈ പരിപാടിയിൽ ചർച്ചയാകും. ഓരോ ദിവസവും അതത് മേഖലകളിൽ അറിവും അനുഭവസമ്പത്തുമുള്ള വനിതകൾ തങ്ങളുടെ വൈദഗ്ധ്യവും പ്രായോഗിക അറിവുകളും പങ്കുവയ്ക്കും.

മന്ത്ര വനിതാ ഫോറം ചെയർപേഴ്സൺ ഡോ. നീന കുമാറിന്റെ നേതൃത്വത്തിലാണ് പത്തുദിവസത്തെ പരിപാടികൾ ഒരുക്കിയിരിക്കുന്നത്. നവരാത്രി ആഘോഷങ്ങൾക്കൊപ്പം അറിവും അനുഭവങ്ങളും പരസ്പരം പങ്കുവയ്ക്കാനും സമൂഹത്തിന് പ്രയോജനകരമായ വിഷയങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരമാണ് ഇതിലൂടെ ഒരുക്കുന്നത്. 20 വരെ എല്ലാ ദിവസവും അമേരിക്കൻ ഈസ്റ്റേൺ സമയം രാത്രി 8 മണിക്ക് സൂം വഴിയാണ് പരിപാടികൾ നടക്കുന്നത്.

Meeting ID: 830 2846 0457 Passcode: mantrah

# പുനരൈക്യ ശതാബ്ദിയുടെ മുന്നോടിയായി മലങ്കര കത്തോലിക്കാ സഭ കാരുണ്യത്തിന്റെയും നീതിയുടെയും വർഷം ആചരിക്കുന്നു



**- ഡോ.ജോർജ് എം. കാക്കനാട്**

ഹൂസ്റ്റൺ: 2030ൽ ആഘോഷിക്കാനിരിക്കുന്ന മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രപ്രധാനമായ പുനരൈക്യ ശതാബ്ദിയുടെ മുന്നോടിയായി, സഭ ഈ വർഷം കാരുണ്യത്തിന്റെയും നീതിയുടെയും വർഷമായി ആചരിക്കുന്നു. ഹൂസ്റ്റണിലെ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നടന്ന ചടങ്ങിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത വർഷാചരണത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. സ്നേഹം, കാരുണ്യം, നീതി, ദരിദ്രരോടുള്ള കരുതൽ എന്നിവ സുവിശേഷത്തിന്റെ അടിസ്ഥാന മൂല്യങ്ങളായി ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്ന് അദ്ദേഹം വിശ്വാസികളോട് ആഹ്വാനം ചെയ്തു.

ദൈവവചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്ന സത്യത്തെ അനുസ്മരിച്ചുകൊണ്ട്, ദൈവവചനം കേൾക്കുന്നതിൽ മാത്രം ഒതുങ്ങാതെ അതനുസരിച്ച് ജീവിക്കേണ്ടതിന്റെ പ്രാധാന്യം ബിഷപ്പ് തന്റെ വചനസന്ദേശത്തിൽ എടുത്തുപറഞ്ഞു.

ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ സ്മരണയിൽ പരിപാടിയുടെ ഭാഗമായി മലങ്കര കത്തോലിക്കാ സഭയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തയായിരുന്ന ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ ദീപ്തമായ ജീവിതവും സേവനങ്ങളും അനുസ്മരിച്ചു. അദ്ദേഹത്തിന്റെ 32-ാം ചരമവാർഷികത്തോടനുബന്ധിച്ച് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അദ്ദേഹത്തിന്റെ പൗരോഹിത്യ വിളിയെക്കുറിച്ചും കത്തോലിക്കാ സഭയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയെക്കുറിച്ചും മനുഷ്യസേവനത്തിനായി അദ്ദേഹം നടത്തിയ സമർപ്പിത പ്രവർത്തനങ്ങളെക്കുറിച്ചും അനുസ്മരണ സന്ദേശം നൽകി. മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ നിർണായക പങ്കുവഹിച്ച ആർച്ച് ബിഷപ്പ് മാർ ഇവാനിയോസിന്റെ ധീരമായ നേതൃത്വത്തെയും പ്രവാചകദർശനത്തെയും ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അനുസ്മരിച്ചു.

# കേരളാ അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിച്ച പിക്നിക് പ്രവാസി മലയാളി മനസ്സുകളിൽ ആഹ്ലാദത്തിന്റെയും വിനോദത്തിന്റയും അവസരമായി മാറി



**- എബി മക്കപ്പുഴ**

ഡാളസ്: കഴിഞ്ഞ 50 കൊല്ലമായി ഡാളസിലെ മലയാളികൾക്കിടയിൽ പ്രവർത്തിച്ചു വരുന്ന കേരള അസോസിയേഷൻ 2026ലെ വാർഷിക പിക്നിക് ഒക്ടോബർ 10 ശനിയാഴ്ച ഗാർലാൻഡ് ബ്രോഡ്വേയിലുള്ള അസോസിയേഷന്റെ ബിൽഡിങ്ങിൽ വെച്ച് നടത്തപ്പെട്ടു.

അടുക്കും ചിട്ടയോടും കൂടി സംഘടിപ്പിച്ച സംഘടനാ ഭാരവാഹികൾ പ്രത്യേകമായ നന്ദിക്കു അർഹരാണ്. പ്രസിഡന്റ് ഷിജു എബ്രഹാം അംഗങ്ങളോട് കാട്ടുന്ന സ്നേഹപൂർവമായ സമീപനം മറ്റു സംഘടനകൾക്കു മാതൃകയാണ്.

എഡ്യൂക്കേഷൻ സെക്രട്ടറി തോമസ് ഈശോ യുടെ നേതൃത്വത്തിൽ ഒരു ടീം ബാർബിക്യൂ ഒരുക്കി.

രവിലെ 9 മണിയോടു കൂടി പിക്നിക് ആരംഭിച്ചു. ബ്രേക്ക് ഫാസ്റ്റിനുവേണ്ടി നാടൻ വിഭവങ്ങളായ കപ്പ, ചെമ്പ്, ചേന, ചമ്മന്തി, മോരുംവെള്ളം എന്നിവസജ്ജമാക്കിയിരുന്നു.

ഐസ് ക്രീം പഴയകാലത്തു നാട്ടിൽ സൈക്കിളിൽ കൊണ്ടുനടക്കുന്നതു പോലെ അസോസിയേഷൻ സെക്രട്ടറിയും സിജുവും തുടക്കം മുതൽ തന്നെ കുട്ടികൾക്ക് വേണ്ടി വിതരണം നടത്തിക്കൊണ്ടിരുന്നു.

വേനൽ ചൂടിന്റെ ആധിക്യം വക വെക്കാതെ കുട്ടികളും മുതിർന്നവരും വിവിധ വിനോദ കായിക മത്സരങ്ങളിൽ പങ്കെടുത്തു.

ഈവർഷത്തെ പിക്നിക്കിൽ അസോസിയേഷനിലെ അംഗങ്ങൾ സ്വയം വരച്ചെടുത്ത ചിത്ര പ്രദർശനം നടത്തി അംഗങ്ങളുടെ ശ്രദ്ധ പടിച്ചു പറ്റി.

മുതിർന്ന മാധ്യമ പ്രവർത്തകൻ പി പി ചെറിയാൻ, അസോസിയേഷന്റെ മുൻ ഭാരവാഹികൾ എല്ലാവരുടെയും സജീവ സാന്നിധ്യം പിക്നിക്കിന്റെ നടത്തിപ്പിന് ഏറെ മുതൽക്കൂട്ടായിരുന്നു.

▶

## ഹൂസ്റ്റണിൽ എക്യുമെനിക്കൽ ബൈബിൾ കൺവെൻഷൻ 16, 17 തീയതികളിൽ; റവ. ഫാ. ഡേവിസ് ചിറമേൽ മുഖ്യ പ്രഭാഷകൻ

– ജീമോൻ റാന്നി



ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണിന്റെ ആഭിമുഖ്യത്തിൽ 2026 ബൈബിൾ കൺവെൻഷൻ ഒക്ടോബർ 16, 17 തീയതികളിൽ (വെള്ളി, ശനി) വൈകിട്ട് 6.30 ന് ഗാനശുശ്രൂഷയോട് ആരംഭിക്കും. കൺവെൻഷൻ ഗായകസംഘം ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

ഹൂസ്റ്റണിലെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിൽ നടക്കുന്ന കൺവെൻഷനിൽ പ്രസിദ്ധ കൺവെൻഷൻ പ്രസംഗകൻ റവ. ഫാ. ഡേവിസ് ചിറമേൽ മുഖ്യ പ്രഭാഷകനായിരിക്കും.

സാമൂഹിക സേവന രംഗത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ അന്തർദേശീയ തലത്തിൽ ശ്രദ്ധ നേടിയിട്ടുള്ള ഫാ.ഡേവിസ് ചിറമേൽ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെയുടെ സ്ഥാപകനാണ്. വൃക്കരോഗികൾക്ക് ചികിത്സാ സഹായം, ഡയാലിസിസ്, വൃക്കദാന ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രവർത്തിച്ചുവരുന്നു.

2009ൽ അപരിചിതനായ ഒരാൾക്ക് തന്റെ ഒരു വൃക്ക ദാനം ചെയ്തതിലൂടെയാണ് ഫാ.ഡേവിസ് ചിറമേൽ വൃക്കദാന ബോധവൽക്കരണ രംഗത്ത് ശ്രദ്ധേയനായത്. തുടർന്ന് നിരവധി സാമൂഹിക ക്ഷേമ, ജീവകാരുണ്യ പദ്ധതികൾക്കും അദ്ദേഹം നേതൃത്വം നൽകി.

പ്രസിഡന്റ് ഐസിഇസിഎച് ഡബ്ല്യു പ്രസിഡന്റ് റവ. ഫാ.ഡോ.ഐസക് ബി.പ്രകാശ്, വൈസ് പ്രസിഡന്റ് റവ.ഫാ.ഡോ.ബിന്നി ഫിലിപ്പ്, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, പ്രോഗ്രാം കോർഡിനേറ്റർ മിൽറ്റാ മാത്യു, ഗായകസംഘം കൺവീനർ ഡോ.അന്ന കെ ഫിലിപ്പ് തുടങ്ങിയവരു ടെ നേതൃത്തിൽ വിവിധ കമ്മിറ്റികൾ കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു.

ജാതിമത ഭേദമെന്യേ കൺവെൻഷനിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിന് ഏവരെയും സ്വാഗതം ചെയ്യുന്നുവെന്ന് സംഘാടകർ അറിയിച്ചു.

## ഇർവിംഗ് ഡിഎഫ്ഡബ്ല്യു ഇന്ത്യൻ ലയൺസ് ക്ലബ് 30–ാം വാർഷികം ആഘോഷിച്ചു; ചാർട്ടർ അംഗങ്ങൾക്ക് ആദരം



– മാർട്ടിൻ വിലങ്ങോലിൽ

ഡാളസ്: ഇർവിംഗ് ഡിഎഫ്ഡബ്ല്യു ഇന്ത്യൻ ലയൺസ് ക്ലബ്ബിന്റെ ഡിസ്ട്രിക്ട് മുപ്പതാം വാർഷിക ആഘോഷവും കുടുംബസംഗമവും നടന്നു.

ടെക്സസിലെ ഫ്ളവർ മൗണ്ടിലുള്ള ടിൻ കോവ്സ് പാർക്കിൽ നടന്ന ആഘോഷപരിപാടിയിൽ ചാർട്ടർ അംഗങ്ങളും മുതിർന്ന അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്തു.

ലയൺ ഉമ ഹരിദാസ് ആലപിച്ച അമേരിക്കൻ, ഇന്ത്യൻ ദേശീയഗാനങ്ങളോടെയാണ് പരിപാടികൾക്ക് തുടക്കമായത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ക്ലബ്ബ് നടത്തിവരുന്ന ജീവകാരുണ്യ സാമൂഹിക സേവനങ്ങളെക്കുറിച്ച് പ്രസിഡന്റ് ലയൺ ജിജോ പേരേപ്പാടൻ അധ്യക്ഷ പ്രസംഗത്തിൽ ഓർമിപ്പിച്ചു. 51 ലയൺ കുടുംബങ്ങളുടെ കരുത്തുമായാണ് ക്ലബ്ബ് മുപ്പതാം വാർഷികത്തിലേക്ക് എത്തുന്നതെന്നും, സ്ഥാപക അംഗങ്ങളുടെ ആത്മാർത്ഥമായ സേവനമാണ് ക്ലബ്ബിനെ ഇന്നത്തെ നിലയിലെത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഡിസ്ട്രിക്ട് ഗവർണർ ഗാരി വൈൻയാർഡ് ക്ലബ്ബിന്റെ പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണർ നിയ മക്കേ ലയൺസ് പ്രസ്ഥാനത്തിന്റെ മൂല്യങ്ങളെക്കുറിച്ച് സന്ദേശം നൽകി.

30 വർഷമായി സജീവമായി പ്രവർത്തിക്കുന്ന 12 ചാർട്ടർ അംഗങ്ങളെ പ്രശസ്തിപത്രം നൽകി ആദരിച്ചു. ലയൺ കോശി പണിക്കർ, ലയൺ വിക്ടർ എബ്രഹാം, ലയൺ റോയ് ചിറയിൽ, ലയൺ ജോൺ എം.ജോസഫ് (എം.ഡി.), ലയൺ എ.പി.ഹരിദാസ്, ലയൺ ഡോ.അബ്ദുൾ റഷീദ് (പി.എച്ച്.ഡി.), ലയൺ പീറ്റർ ബി.നെറ്റോ, ലയൺ തോമസ് വർഗീസ് (എം.ഡി.), ലയൺ ജോർജ് അഗസ്റ്റിൻ, ലയൺ രാമചന്ദ്രൻ നായർ, ലയൺ എ.വി. തോമസ്, ലയൺ രാജീവ് ജോസഫ് (എം.ഡി.) എന്നിവരാണ് ആദരിക്കപ്പെട്ട ചാർട്ടർ അംഗങ്ങൾ. 25 വർഷത്തെ അംഗത്വവും സേവനവും പൂർത്തിയാക്കിയ ലയൺ ജോൺ ജോയിക്കും ചടങ്ങിൽ പ്രത്യേക ആദരം നൽകി.

ക്ലബ് പ്രസിഡന്റ് ലയൺ ജിജോ പേരേപ്പാടൻ, സെക്രട്ടറി ലയൺ കിഷോർ ബുദ്ധെ, ട്രഷറർ ലയൺ സോം തോമസ്, റീജിയണൽ ചെയർ ലയൺ ജോർജ് ജോസഫ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തത്. ലയൺ ജീനാ പോൾ മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. ലയൺ രാജു കാട്ടടിയും ലയൺ ജീവ കാട്ടടിയും സംഘടിപ്പിച്ച വിവിധ വിനോദ പരിപാടികളും സംഗീതവിരുന്നും വിഭവസമൃദ്ധമായ പോട്ട്ലക്ക് അത്താഴവും ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. കൂടുതൽ വിവരങ്ങൾക്ക്: ലയൺ ജിജോ പേരേപ്പാടൻ (പ്രസിഡന്റ്), ഇർവിംഗ് ഡിഎഫ്ഡബ്ല്യു ഇന്ത്യൻ ലയൺസ് ക്ലബ്. ഫോൺ 857 500 2325.

## ഡി.എസ്.എം.സി നോർത്ത് അമേരിക്കയുടെ ഗായകസംഘ പരിശീലന പരിപാടി




മാർത്തോമ്മാ സഭ നോർത്ത് അമേരിക്കാ ഭദ്രാസനത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ് സംഗീതപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും ആരാധനാ ശുശ്രൂഷയെ സമ്പന്നമാക്കുന്നതിനുമായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

സംഗീത അധ്യാപകൻ, ഗായകസംഘ ഡയറക്ടർ, സംഗീത നിർമ്മാതാവ് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ജോഷൻ വർഗീസ് കോശിയാണ് ക്ലാസുകൾ നയിക്കുന്നത്. സംഗീതത്തിലൂടെ ആരാധനയിൽ വളരുകഎന്നതാണ് പരിശീലനത്തിന്റെ പ്രമേയം.

നിലവിൽ ഗായകസംഘങ്ങളിൽ സേവനം ചെയ്യുന്നവർ, മുൻകാല ഗായകസംഘാംഗങ്ങൾ, ഭാവിയിൽ ഗായകസംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർ, വിശുദ്ധസംഗീതത്തിൽ താൽപര്യമുള്ളവർ എന്നിവർക്ക് പരിപാടിയിൽ പങ്കെടുക്കാം.

കൂടുതൽ വിവരങ്ങൾക്ക്:

ഡിഎസ്എംസിനോർത്ത് അമേരിക്ക ഭദ്രാസന വൈസ് പ്രസിഡന്റ് റവ. ആഷിഷ് തോമസ് ജോർജ്
+1 (978) 7607475,
ഭദ്രാസന സെക്രട്ടറി ലെബോയ് വിൽസൺ തൊപ്പിൽ
+1 (224) 381 9484,
ഭദ്രാസന ട്രഷറർ സാമുവൽ കെ. സാമുവൽ
+1 (914) 498 9990,
ഭദ്രാസന അസംബ്ലി അംഗം ജോൺസൺ മാത്യു
+1 (954) 646 4506.

## എംബിഎന്നിന്റെ പുസ്തകം സനാതന ധർമ നിരൂപണത്തിന് പുതിയ ജാലകം തുറക്കുന്നു: മന്ത്രി കെ മുരളീധരൻ



– ജോർജ് നടവയൽ

ന്യൂ ജേഴ്സി/തിരുവനന്തപുരം: മാധവൻ ബി നായർ രചിച്ച, സനാതന ധർമ്മദർശനംഎന്ന പുസ്തകം മന്ത്രി കെ മുരളീധരൻ ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതിയ്ക്ക് നൽകി പ്രകാശനം ചെയ്തു.

വേദാന്ത ഉപനിഷത് തത്വങ്ങളെ പ്രയോഗത്തിലാക്കുന്നതിലൂടെ ആത്മീയാനന്ദം കൈവരിയ്ക്കാം എന്ന ദർശനത്തിലൂന്നി മാധവൻ ബി നായർ രചിച്ചസനാതന ധർമ്മദർശന പുസ്തകം, അനുവാചകർക്ക് വെളിച്ചമേകുന്നു എന്ന് മുൻ കേന്ദ്ര മന്ത്രിവി മുരളീധരൻ അനുമോദന പ്രസംഗത്തിൽ പറഞ്ഞു.

സത്യാനന്ദസരസ്വതി സ്വാമിജിയുടെ ദർശനങ്ങൾ അറിയാനും മനസ്സിലാക്കാനും നടത്തിയ എളിയ ശ്രമത്തിനിടയിൽ, താൻ ഉൾക്കൊണ്ട വസ്തുതകളെ പകർത്തിയതാണ് ഈ പുസ്തകമെന്ന് ഗ്രന്ഥകർത്താവ് മാധവൻ നായർ പറഞ്ഞു.

മുൻ എംപി പീതാംബരക്കുറുപ്പ്, മുൻ എംഎൽ ഏ വഹീദ് എംഎ എന്നിവർ പ്രസംഗിച്ചു.

പ്രസാധക വിവരങ്ങൾ Tel: 732-325-3952
E-mail: madhavanbnair@yahoo.com

## ന്യൂജേഴ്‌സിയിൽ ചരിത്രമെഴുതി നാല് വയസ്സുകാരൻ; ഏറ്റവും പ്രായം കുറഞ്ഞ പുസ്തക രചയിതാവായി അദ്വൈത് ജെയിൻ

- പി. പി ചെറിയാൻ



സൗത്ത് ബ്രൺസ്വിക്ക്, ന്യൂജേഴ്‌സി: ലോക റെക്കോർഡുകളിൽ ഇടംപിടിച്ച് നാല് വയസ്സുകാരൻ അദ്വൈത് ജെയിൻ. ഏറ്റവും പ്രായം കുറഞ്ഞ പുസ്തക രചയിതാവെന്ന ഗിന്നസ് ലോക റെക്കോർഡാണ് ന്യൂജേഴ്‌സിയിലെ സൗത്ത് ബ്രൺസ്വിക്കിൽ നിന്നുള്ള അദ്വൈത് സ്വന്തമാക്കിയത്. 'പാണ്ഡ പബ്ലിഷിങ് ഏജൻസി' വഴി ഈ വർഷം ആദ്യം തന്റെ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ 3 വയസ്സും 345 ദിവസവുമായിരുന്നു അദ്വൈതിന്റെ പ്രായം.' ഡീനോ ലേൺസ് നോട്ട്ടു വേസ്റ്റ് ഫുഡ്' എന്നാണ് പുസ്തകത്തിന്റെ പേര്.

പുതിയ പ്രീസ്കൂളിൽ ചേർന്നപ്പോൾ വീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുപോകാൻ അനുവാദമില്ലാതിരുന്ന അദ്വൈതിന്റെ അനുഭവങ്ങളാണ് ഈ പുസ്തകത്തിന് ആധാരം. ഭക്ഷണം പാഴാക്കാതിരിക്കേണ്ടതിന്റെ പ്രാധാന്യമാണ് പുസ്തകത്തിലെ പ്രധാന കഥാപാത്രമായ 'ഡീനോ'യിലൂടെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത്.

ചുവരുകളിൽ വരച്ചുതുടങ്ങിയ ചിത്രങ്ങളിലൂടെയാണ് അദ്വൈത് തന്റെ കഥ പറയൽ ശേഷി പ്രകടിപ്പിച്ചത്. മകന്റെ ആശയങ്ങളും ചിത്രങ്ങളും ചുരുക്കക്കഥകളാക്കാൻ മാതാപിതാക്കളായ നീരജ് കുമാറും സോണൽ ബൻസാലും കൂടെനിന്നു. 2025 ജൂലൈയിൽ തുടങ്ങിയ പ്രവർത്തനങ്ങൾ 10 മാസം കൊണ്ടാണ് പൂർത്തിയായത്.

ലോകമെമ്പാടും ഇതിനോടകം 1,300ലധികം കോപ്പികൾ വിറ്റഴിഞ്ഞതായും വിൽപ്പന പുരോഗമിക്കുന്നതായും അദ്വൈതിന്റെ പിതാവ് നീരജ് കുമാർ പറഞ്ഞു. ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ അദ്വൈതിനെ തന്റെ ഓഫിസിൽ വരുത്തി ആദരിച്ചു.

അദ്വൈതിന്റെ 12 കാരിയായ സഹോദരി അവ്യയും ഒരു എഴുത്തുകാരിയും ചിത്രകാരിയുമാണ്. 'ദി കോൾ ഓഫ് ദി നെതർ' ആണ് അവ്യയുടെ പുസ്തകം.

അദ്വൈതിനെയും സഹോദരി അവ്യയെയും ഇന്ത്യൻ കോൺസുലേറ്റ് അഭിനന്ദിച്ചു. കുട്ടികളിൽ ഭക്ഷണത്തോടുള്ള ആദരവും പാഴാക്കാതിരിക്കാനുള്ള അവബോധവും വളർത്താൻ അദ്വൈതിന്റെ പുസ്തകം സഹായിക്കുമെന്ന് കോൺസുലേറ്റ് വ്യക്തമാക്കി. ഡീനോയുടെ പുതിയ പാഠങ്ങളുമായി അടുത്ത ഭാഗം (സീക്വൽ) എഴുതുന്ന തിരക്കിലാണ് അദ്വൈത് ഇപ്പോൾ.

## ഹൂസ്റ്റണിൽ ഐസിഇ ഏജന്റിന്റെ വാഹനം ഇടിച്ച് പരിക്കേറ്റയാളുടെ കുടുംബം പ്രതിഷേധവുമായി രംഗത്ത്

- പി.പി ചെറിയാൻ

ഹൂസ്റ്റൺ: ഹൂസ്റ്റണിൽ ഐസിഇ ഏജന്റിന്റെ വാഹനം ഇടിച്ച് പരിക്കേറ്റയാളുടെ കുടുംബം പ്രതിഷേധവുമായി രംഗത്ത്. ഹൂസ്റ്റണിലെ വെസ്റ്റ് ഹാരിസ് കൗണ്ടിയിൽ മറ്റൊരു പ്രതിയെ പിടികൂടാനുള്ള ശ്രമത്തിനിടെയാണ് ഐസിഇ ഏജന്റിന്റെ എസ്‌യുവി വാഹനം ഇടിച്ച് മിഗ്വൽ പാറാഹെർണാണ്ടസ് എന്നയാൾക്ക് പരിക്കേറ്റത്.

ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ കഴിയുന്ന പാറാഹെർണാണ്ടസ് നിലവിൽ ഫെഡറൽ കസ്റ്റഡിയിലാണ്. ഇദ്ദേഹം നിയമവിരുദ്ധമായി യുഎസിൽ കഴിഞ്ഞയാളാണെന്ന് അധികൃതർ അറിയിച്ചു.

34 വർഷമായി യുഎസിലുള്ള അദ്ദേഹം ഒരു കുറ്റകൃത്യങ്ങളുടെ പശ്ചാത്തലവുമില്ലാത്ത, കഠിനാധ്വാനിയായ വ്യക്തിയാണെന്ന് കുടുംബാംഗങ്ങൾ വ്യക്തമാക്കി. മനുഷ്യജീവനാണ് വലുതെന്നും കുടിയേറ്റ പ്രശ്നത്തിനപ്പുറം സമൂഹത്തിൽ മനുഷ്യത്വപരമായ ഇടപെടലുകൾ വേണമെന്നും ആവശ്യപ്പെട്ട് ഞായറാഴ്ച നിരവധി പേർ പ്രതിഷേധവുമായി ഒത്തുകൂടി. ഈ സംഭവത്തിൽ ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസും ജില്ലാ അറ്റോർണി ഓഫീസും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. വാഹനാപകടത്തിൽ ഏജന്റ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിരുന്നോ എന്ന് വ്യക്തമല്ല.

**October 20**: World Statistics Day"World Statistics Day highlights the importance of reliable, timely and comparable official statistics for evidence-based policymaking and development monitoring. The UN General Assembly designated 20 October 2010 as the first World Statistics Day through Resolution 64/267, making data governance an important policy dimension.

## ഫോമാ മുൻ സെക്രട്ടറി ജോൺ സി. വർഗീസിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്



ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ദേശീയ സംഘടനയായ ഫോമയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് പ്രമുഖ സാമൂഹികസാംസ്കാരിക പ്രവർത്തകനും ഫോമയുടെ ആദ്യകാല നേതാക്കളിലൊരാളുമായ ജോൺ സി. വർഗീസിന് (സലിം) സമ്മാനിച്ചു. ഹ്യൂസ്റ്റണിൽ നടന്ന ഫോമാ കൺവൻഷനിലാണ് അദ്ദേഹത്തെ പുരസ്കാരം നൽകി ആദരിച്ചത്.

ഫോമയുടെ വളർച്ചയ്ക്കും മലയാളി സമൂഹത്തിന്റെ സാമൂഹിക സാംസ്കാരിക മുന്നേറ്റത്തിനും നൽകിയ ദീർഘകാലവും സമഗ്രവുമായ സേവനങ്ങൾ പരിഗണിച്ചാണ് സലിമിന് ഈ ബഹുമതി നൽകിയത്.

ഫോമയുടെ വളർച്ചയുടെ നിർണായക ഘട്ടമായിരുന്ന ലാസ് വെഗാസ് കൺവൻഷന്റെ ജനറൽ സെക്രട്ടറിയായി സംഘടനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സലിം, ഫോമയുടെ പ്രാരംഭകാലത്ത് തന്നെ സംഘടനയെ ശക്തമായ വളർച്ചയുടെ പാതയിലേക്ക് നയിച്ച നേതാക്കളിൽ പ്രധാനിയായിരുന്നു. സംഘടനയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിലും പ്രവർത്തനങ്ങൾക്ക് പുതിയ ദിശ നൽകുന്നതിലും അദ്ദേഹത്തിന്റെ നേതൃത്വപാടവം നിർണായകമായി.

ഫോമയിലെ സലിമിനെയും സലിമിലെ ഫോമയെയും അടുത്തറിയണമെങ്കിൽ, ഫോമയുടെ കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെക്കാലത്തെ പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞുനോക്കിയാൽ മതിയാകും. സംഘടനയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തും, പ്രതിസന്ധികളിൽ നേതൃത്വപരമായ ഇടപെടലുകൾ നടത്തിയും, മലയാളി സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കായി പ്രവർത്തിച്ചുമാണ് അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചത്.

അമേരിക്കൻ മലയാളി സമൂഹത്തിൽ സാമൂഹിക, സാംസ്കാരിക, സാമുദായിക രംഗങ്ങളിൽ വർഷങ്ങളായി സജീവമായ സലിം മികച്ച സംഘാടകനും നേതാവുമാണ്. വിവിധ സംഘടനകളിലും സാമൂഹിക കൂട്ടായ്മകളിലും വഹിച്ച നേതൃത്വപദവികൾ അദ്ദേഹത്തിന്റെ പ്രവർത്തനപരിചയത്തിന്റെയും പൊതുസേവന മനോഭാവത്തിന്റെയും തെളിവാണ്.

സലിമിന്റെ സാമൂഹിക സേവനങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങളും നിരവധിയാണ്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ സിൽവർ ജൂബിലി അവാർഡ്, തിരുവല്ല മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക അംഗീകാരം, 2012ൽ ഇന്ത്യ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി നൽകിയ ഗ്ലോറി ഓഫ് ഇന്ത്യപുരസ്കാരം എന്നിവ അദ്ദേഹത്തിന് ലഭിച്ച പ്രധാന ബഹുമതികളിൽ ചിലതാണ്.

കേരളത്തിലും അമേരിക്കയിലും സാമൂഹിക സംഘടനാ പ്രവർത്തനങ്ങളിലൂടെ സലിം തന്റെ നേതൃത്വശേഷി തെളിയിച്ചിട്ടുണ്ട്. ചെങ്ങന്നൂരിലെ അനുപമ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ സ്ഥാപക പ്രസിഡന്റ്, താലൂക്ക് ട്രേഡ് യൂണിയൻ വർക്കേഴ്സ് ഓർഗനൈസേഷന്റെ സ്ഥാപക പ്രസിഡന്റ്, കേരള ബാങ്ക് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. ചെങ്ങന്നുർ താലൂക്ക് ആശുപത്രിയിൽ സ്വാന്തനം പദ്ധതിയുടെ ഭാഗമായി അന്നദാനം നടത്തുന്നതിലും സലിം നേതൃത്വം നൽകിയിരുന്നു.

അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനകളിലൊന്നായ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രസിഡന്റായും ട്രസ്റ്റീ ബോർഡ് ചെയറായും സലിം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംഘടനയുടെ വളർച്ചയിലും സമൂഹത്തെ ഒരുമിപ്പിക്കുന്ന പ്രവർത്തനങ്ങളിലും അദ്ദേഹം നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്.

ഫൊക്കാനയുടെ ആദ്യകാല പ്രവർത്തനങ്ങളിലും സലിം സജീവമായിരുന്നു. അവിഭക്ത ഫൊക്കാനയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ഫോമയുടെ നാഷണൽ അഡ്ഹോക് കമ്മിറ്റി ജനറൽ സെക്രട്ടറി, ഫോമാ നാഷണൽ ജനറൽ സെക്രട്ടറി, ഫോമാ ഹെൽപ് ലൈൻ സെക്രട്ടറി, ഫോമാ അഡ്വൈസറി ചെയർമാൻ എന്നീ നിലകളിലും ഇപ്പോഴത്തെ ബൈലോ കമ്മിറ്റി ചെയർ ആയും പ്രവർത്തിക്കുന്നു.

കൂടാതെ ഇന്ത്യൻ പ്രവാസി ആക്ഷൻ കൗൺസിൽ കോഓർഡിനേറ്റർ, ചെങ്ങന്നൂർ വൈ.എം.സി.എ. ട്രഷറർ, ന്യൂയോർക്കിലെ ചെങ്ങന്നൂർ അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റ്, ചെങ്ങന്നൂർ മണ്ഡലം യൂത്ത് ഫ്രണ്ട് പ്രസിഡന്റ്, യൂത്ത് ഫ്രണ്ട് ആലപ്പുഴ ജില്ലാ സെക്രട്ടറി, പ്രവാസി കേരളാ കോൺഗ്രസ് ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഫോമയുടെ വളർച്ചയുടെ ആദ്യകാല ചരിത്രത്തോടൊപ്പം സലിമിന്റെ പ്രവർത്തനചരിത്രവും ചേർന്നുനിൽക്കുന്നു. സംഘടനയുടെ രൂപീകരണകാലത്തെ വെല്ലുവിളികളിൽ നിന്ന് ഇന്ന് ഫോമ കൈവരിച്ച വളർച്ചയിലേക്കുള്ള യാത്രയിൽ വിവിധ ഉത്തരവാദിത്വങ്ങളിലൂടെ അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്.

ഒരു സംഘടനയെ കെട്ടിപ്പടുക്കുന്നത് പദവികളിലൂടെയല്ല, മറിച്ച് വർഷങ്ങളോളം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന മനുഷ്യരിലൂടെയാണ്. അത്തരത്തിൽ ഫോമയ്ക്കും അമേരിക്കൻ മലയാളി സമൂഹത്തിനും തന്റെ സമയവും നേതൃത്വവും അനുഭവസമ്പത്തും സമർപ്പിച്ച വ്യക്തിയാണ് ജോൺ സി. വർഗീസ് എന്ന സലിം.

## സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണ തീയതികളിൽ മാറ്റം

വാഷിംഗ്ടൺ ഡിസി: സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണ സമയക്രമത്തിൽ വരും മാസങ്ങളിൽ അപൂർവ്വമായ ചില മാറ്റങ്ങൾ വരുത്തി. 5.6 കോടിയിലധികം വിരമിച്ച ജീവനക്കാർക്കും അവരുടെ ആശ്രിതർക്കുമാണ് സോഷ്യൽ സെക്യൂരിറ്റി ആനുകൂല്യം ലഭിക്കുന്നത്. പ്രതിമാസം ശരാശരി 2,084 ഡോളറാണ് ഇവർക്ക് ലഭിക്കുന്ന തുക.

നവംബർ 11ലെ വിമുക്തഭട ദിനപൊതു അവധി പ്രമാണിച്ചാണ് നവംബറിലെ തീയതികളിൽ മാറ്റം വരുത്തിയത്. മാസത്തിലെ 1 മുതൽ 10 വരെയുള്ള തീയതികളിൽ ജനിച്ചവർക്ക് നവംബർ 11ന് ലഭിക്കേണ്ട തുക നവംബർ 10 ചൊവ്വാഴ്ച തന്നെ ലഭിക്കും. നവംബർ 1 ഞായറാഴ്ച ആയതിനാൽ നവംബറിലെ ആനുകൂല്യം ഒക്ടോബർ 30 വെള്ളിയാഴ്ച വിതരണം ചെയ്യും.

# ഫൊക്കാന കേരള കൺവെൻഷൻ 2027: രജിസ്ട്രേഷൻ ആരംഭിച്ചു




– ജിജി ടോം, ഫൊക്കാന പി. ആർ. ഒ

ന്യൂയോർക്ക്: ഫൊക്കാനയുടെ കേരള കൺവെൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കും. കൺവെൻഷനിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പും ഭാരവാഹികളും അറിയിച്ചു.

അമേരിക്കയിലും കാനഡയിലുമായി നൂറിലധികം അംഗ സംഘടനകളുള്ള ഫൊക്കാന, അഞ്ചുലക്ഷത്തിലധികം പ്രവാസി മലയാളികളെ പ്രതിനിധീകരിക്കുന്ന വടക്കേ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളുടെ കൂട്ടായ്മയാണ്. 1983ൽ രൂപം കൊണ്ട ഫൊക്കാന നാല് പതിറ്റാണ്ടിലേറെയായി കേരളത്തിന്റെ സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും പ്രവാസി മലയാളികളുടെ ക്ഷേമത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നു.

ഫൊക്കാന കേരള കൺവെൻഷനിൽ കേരള ഗവർണർ, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ കേരളത്തിലെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളും വ്യവസായികളും സാമൂഹികസാംസ്കാരിക രംഗത്തെ പ്രമുഖരും സ്വാധീനമുള്ള പ്രവാസി മലയാളികളും പങ്കെടുക്കും. പ്രമുഖ വ്യവസായ, സാമൂഹ്യ, ജീവകാരുണ്യ, സാഹിത്യ പ്രതിഭകളെ ആദരിക്കുന്നതിനൊപ്പം വിവിധ ജീവകാരുണ്യ പദ്ധതികൾക്കും കൺവെൻഷനിൽ തുടക്കം കുറിക്കും. അർഹരായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, ദുരിതമനുഭവിക്കുന്നവർക്ക് മെഡിക്കൽ സഹായം, ഭവനനിർമാണ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും.

കേരള സർക്കാരിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായിഓപ്പറേഷൻ തൂഫാൻ പദ്ധതിയിലും ഫൊക്കാന പങ്കാളികളാകും. വിവിധ ബിസിനസ് സ്ഥാപനങ്ങൾക്ക് തങ്ങളുടെ ബ്രാൻഡുകൾ പരിചയപ്പെടുത്തുന്നതിനും ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനുമുള്ള അവസരവും കൺവെൻഷൻ ഒരുക്കും.

കേരളത്തിലും വടക്കേ അമേരിക്കയിലുമുള്ള മലയാളി സമൂഹത്തിന്റെ സൗഹൃദവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി കേരള കൺവെൻഷൻ 2027 മാറുമെന്ന് സംഘാടകർ അറിയിച്ചു.

കേരളാ കൺവെൻഷൻ ചെയർമാനായി മുൻ ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ് (ഫ്ലോറിഡ), കോർഡിനേറ്ററായി മുൻ ഫൊക്കാന പ്രസിഡണ്ട് പോൾ കറുകപ്പിള്ളിൽ, റജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരും ഫ്രാൻസിസ് കിഴക്കേകൂറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാനായും, ഷീല ജോസഫ് വൈസ് ചെയർ പേഴ്സണായും പ്രവർത്തിക്കുന്നു.

ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആൻഡ്രോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി കരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി ഡോ. അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മറിയാ ജോസഫ്, വുമൺസ് ഫോറം ചെയർ ഡോ. ഷൈനി രാജു, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ സജിമോൻ ആന്റണി എന്നിവരോടൊപ്പം ഫൊക്കാനയുടെ വിവിധ കമ്മിറ്റി അംഗങ്ങളും കൺവെൻഷന്റെ വിജയത്തിനായി എല്ലാവരുടെയും പിന്തുണയും പങ്കാളിത്തവും അഭ്യർഥിക്കുന്നു.

https://www.zeffy.com/en-US/ticketing/fokana-kerala-convention–2027?impact_chain_source=adoor2%40aol.com

**October 21**: Azad Hind Government Formation Anniversary“21 October marks the formation of the Provisional Government of Free India, or Azad Hind Government, in 1943, under Subhas Chandra Bose. Its establishment represents an important episode in India’s freedom struggle and is relevant to questions on revolutionary nationalism, the INA and Bose’s political strategy.

**October 24:** United Nations Day“United Nations Day marks the entry into force of the UN Charter on 24 October 1945 and the formal establishment of the United Nations. It is significant for understanding multilateralism, international peace and security, sustainable development and the institutional structure of global governance.

# കേന്ദ്രമന്ത്രി പീയൂഷ് ഗോയലിന് ഷിക്കാഗോയിൽ സ്വീകരണം നൽകി




ഷിക്കാഗോ: കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലിന് യു.എസ് ഇന്ത്യൻ കമ്യൂണിറ്റി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. വിസ്കോൺസിനിൽ നടന്ന വാണിജ്യ മന്ത്രിമാരുടെ ജി 20 ഉച്ചകോടി സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു മന്ത്രി.

സ്വീകരണ ചടങ്ങിൽ പുതിയ കോൺസൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശ്, വിഎസ്ഐസിഎഫ് പ്രസിഡന്റ് നിരവ് പട്ടേൽ, ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ്, മുൻ ഷാംബെർഗ് ടൗൺഷിപ്പ് ട്രസ്റ്റി നിമേഷ് ജാനി, മുൻ എഫ്.ഐ.എ പ്രസിഡന്റ് ബായിലാൽ പട്ടേൽ, മറ്റ് ഇന്ത്യൻ കമ്യൂണിറ്റി നേതാക്കൾ എന്നിവർ പങ്കെടുത്തു.

കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ തന്റെ മറുപടി പ്രസംഗത്തിൽ ഈ അമേരിക്കൻ സന്ദർശന വേളയിൽ ഇന്ത്യയിൽ വ്യവസായം തുടങ്ങാൻ വിവിധ ഇന്ത്യൻ അമേരിക്കൻ വ്യവസായികളെ ക്ഷണിക്കുന്നതായി അറിയിച്ചു. ഇന്ത്യയിൽ വ്യവസായം തുടങ്ങിയാൽ ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കൂടുതലായി ഇന്ത്യയിൽ ഡേറ്റാ സെന്റർ തുടങ്ങുന്ന ചർച്ചകളാണ് നടന്നത്.

ഇന്ത്യയിൽ ഐ.ഐ.ടി,. ഐ.ഐ.എം. മറ്റ് പ്രമുഖ കോളുകളിൽ നിന്ന് ഗ്രാജ്വേറ്റ് ചെയ്ത എൻജിനീയേഴ്സ്, മറ്റ് സ്കിൽഡ് ലേബേഴ്സ് എന്നിവർ സുലഭമാണ്, ഭൂമി വളരെ തുച്ഛമായ വിലയ്ക്ക് ലഭിക്കും, മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇലക്ട്രിസിറ്റി ചാർജ് വളരെ കുറവാണ്, യുവാക്കൾക്ക് ജോലി ലഭിക്കുവാൻ ഒരു ലക്ഷം കോടി രൂപയാണ് എംപ്ലോയ്മെന്റ് ജനറേഷൻ, സ്കിൽ ഡവലപ്മെന്റ്, ഇന്റേൺഷിപ്പ് പ്രോഗ്രാം എന്നിവയ്ക്ക് സർക്കാർ മാറ്റി വച്ചിരിക്കുന്നത്. കൂടാതെ പുതിയ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേകം ഹെൽപ് ലൈനുകളും ആരംഭിച്ചിട്ടുള്ളതായി മന്ത്രി അറിയിച്ചു.

വാണിജ്യമന്ത്രിമാരുടെ ജി20 ഉച്ചകോടിയിൽ മുഖ്യവിഷയം ചർച്ചയായത് ഇന്ത്യൻ ഉത്പന്നങ്ങൾക്ക് ചുമത്തുന്ന താരിഫ് ആണ്. അത് കുറയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അമേരിക്കയിലുള്ള ഇന്ത്യൻ കമ്യൂണിറ്റി തങ്ങളുടെ മാതൃരാജ്യത്തിന് നൽകുന്ന എല്ലാ സംഭാവനകൾക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

# ലോസ് ആഞ്ചലസ് കോൺസുലേറ്റിൽ ഇന്ത്യൻ സമൂഹം ഗാന്ധി ജയന്തി ആചരിച്ചു



– പി.പി ചെറിയാൻ

കാലിഫോർണിയ: മഹാത്മാഗാന്ധിയുടെയും മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെയും ജന്മവാർഷികത്തോടനുബന്ധിച്ച് ലോസ് ആഞ്ചലസിലെ ഇന്ത്യൻ കോൺസുലേറ്റിന്റെ നേതൃത്വത്തിൽ ദക്ഷിണ കാലിഫോർണിയയിലും നെവാഡയിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

സെൽഫ് റിയലൈസേഷൻ ഫെലോഷിപ്പിന്റെ സഹകരണത്തോടെ എൽ.എ. ലേക്ക് ഷ്രൈനിൽ നടന്ന ചടങ്ങിൽ ഗാന്ധിജിയുടെ ചിതാഭസ്മം സൂക്ഷിച്ചിരിക്കുന്ന സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി. കമ്മ്യൂണിറ്റി നേതാക്കളുമായി കോൺസുറൽ ജനറൽ ഡോ.കെ.ജെ. ശ്രീനിവാസൻ സംവദിക്കുകയും ഗാന്ധിയൻ ദർശനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

ഇതിനുപുറമേ, ലാസ് വെഗാസ്, സാൻ ഡീഗോ എന്നിവിടങ്ങളിൽ സ്വസ്ഥ് ഭാരത്, വിക്ഷിത് ഭാരത്എന്ന പ്രമേയത്തിൽ ആരോഗ്യ റണ്ണുകളും സംഘടിപ്പിച്ചു. വിവിധ തലമുറകളിൽപ്പെട്ട നിരവധി ഇന്ത്യൻ പ്രവാസി കുടുംബങ്ങൾ ഈ പരിപാടികളിൽ സജീവമായി പങ്കെടുത്തു.

# ഫിലാഡൽഫിയ ഐ.പി.സി ഹെബ്രോൻ സമർപ്പണ ആരാധനാ ശുശ്രൂഷ 18ന്

– നിബു വെള്ളവന്താനം

ഫിലഡൽഫിയ: പെൻസിൽവാനിയലിലുള്ള ഫിലാഡൽഫിയ ഐ.പി.സി ഹെബ്രോൻ സഭയുടെ പുതിയ കെട്ടിടത്തിന്റെ സമർപ്പണ ആരാധനാ ശുശ്രൂഷ 18 ഞായറാഴ്ച രാവിലെ 9:30ന് നടത്തുന്നു.

വിശാലമായ ആരാധനാ ഹാൾ, കുട്ടികൾക്കായുള്ള പ്രത്യേക ആരാധനാ മുറി, ഫെലോഷിപ്പ് ഹാൾ, 150 വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം എന്നിവ പുതിയ കെട്ടിടത്തിന്റെ പ്രത്യേകതകളാണ്.

ഐപിസി സീനിയർ പാസ്റ്റർ റവ.എം.എസ്. സാമുവൽ, സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് പാസ്റ്റർ വി.ടി. എബ്രഹാം എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. റവ.ഡോ.മോനിസ് ജോർജ്, ഐ.പി.സി ഹെബ്രോൻ സഭയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. ആത്മീയ ശുശ്രൂഷ ചടങ്ങിൽ പങ്കുചേരാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി അദ്ദേഹം അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: 972 904 0994 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർമാനായി സജിമോൻ ആന്റണി; വൈസ് ചെയർ തോമസ് തോമസ്; സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര



ന്യൂയോർക്ക്: ഫൊക്കാനയുടെ 2026–28 കാലയളവിലേക്കുള്ള ട്രസ്റ്റീ ബോർഡ് ചെയർമാനായി മുൻ പ്രസിഡന്റ് സജിമോൻ ആന്റണിയെയും, വൈസ് ചെയറായി തോമസ് തോമസിനെയും സെക്രട്ടറിയായി ബിജു ജോൺ കൊട്ടാരക്കരയെയും എതിരില്ലാതെ തെരഞ്ഞെടുത്തു.

ട്രസ്റ്റീ ബോർഡ് ചെയർമാനായിരുന്ന ജോജി തോമസിന്റെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പും ജനറൽ സെക്രട്ടറി സന്തോഷ് നായരും യോഗത്തിൽ സന്നിഹിതരായിരുന്നു.

ട്രസ്റ്റീ ബോർഡ് അംഗങ്ങളായ മുൻ പ്രസിഡന്റ് സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ, മാമ്മൻ സി. ജേക്കബ്, സതീശൻ നായർ, ബിജു ജോൺ, തോമസ് തോമസ്, മനോജ് ഇടമന, കെവിൻ ജോസഫ് തുടങ്ങിയ എല്ലാ ട്രസ്റ്റീ ബോർഡ് മെമ്പേഴ്സും യോഗത്തിൽ പങ്കെടുത്തു.

**സജിമോൻ ആന്റണി**
**ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർമാൻ**

ഫൊക്കാനയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച് ദേശീയ നേതൃത്വത്തിലേക്ക് ഉയർന്നുവന്ന സജിമോൻ ആന്റണി സംഘടനാ രംഗത്തെ പരിചയസമ്പന്നനായ നേതാവാണ്. ഫൊക്കാന നാഷണൽ കമ്മിറ്റി അംഗം, ട്രഷറർ, ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ വിവിധ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവഹിച്ച ശേഷമാണ് അദ്ദേഹം ഇപ്പോൾ ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർമാനായി ചുമതലയേൽക്കുന്നത്.

പരിമിതികളെ അവസരങ്ങളാക്കി മാറ്റുകയും പുതുമയാർന്ന ആശയങ്ങളെ പ്രായോഗിക പദ്ധതികളാക്കി മാറ്റുകയും ചെയ്യുന്ന പ്രവർത്തനശൈലിയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിന്റെ പ്രധാന പ്രത്യേകത. ഫൊക്കാന മെഡിക്കൽ കാർഡ്, ഫൊക്കാന പ്രിവിലേജ് കാർഡ്, ഫൊക്കാന ഹെൽത്ത് ക്ലിനിക്ക്, ഫൊക്കാനയുടെ ഗിന്നസ് വേൾഡ് റെക്കോർഡ് പരിപാടികൾ തുടങ്ങി നിരവധി നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്യുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു.

ഫൊക്കാന ഗ്ലോബൽ എന്ന ആശയം യാഥാർഥ്യമാക്കുന്നതിലും പ്രൊഫഷണൽ സംഘടനകൾക്ക് ഫൊക്കാനയിൽ അംഗത്വം നൽകുന്നതിലും ഉൾപ്പെടെ നിരവധി ചരിത്രപരമായ തീരുമാനങ്ങൾക്ക് നേതൃത്വം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ സംഘടനയുടെ ഭരണനിർവഹണത്തിലും വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും ശ്രദ്ധേയമായ സംഭാവനകളായി മാറി.

കാര്യക്ഷമമായ ഭരണനിർവഹണം, സുതാര്യമായ പ്രവർത്തനശൈലി, നവീന ആശയങ്ങൾ, സമയബന്ധിതമായ പദ്ധതികളുടെ നടപ്പാക്കൽ എന്നിവയിലൂടെ ഫൊക്കാനയുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവവും ജനകീയവുമാക്കുന്നതിൽ സജിമോൻ ആന്റണി നിർണായക പങ്കുവഹിച്ചു. കഴിഞ്ഞ വർഷങ്ങളിലെ ഫൊക്കാനയുടെ വളർച്ചയിലും സംഘടനയുടെ പ്രവർത്തന മികവിലും അദ്ദേഹത്തിന്റെ നേതൃത്വത്തിന് ശ്രദ്ധേയമായ സ്ഥാനമാണുള്ളത്.

മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ പ്രസിഡന്റായിരിക്കെ സംഘടനയെ കൂടുതൽ സജീവമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും സജിമോൻ ആന്റണി ശ്രദ്ധേയമായ പങ്കുവഹിച്ചു. സംഘടനാ പ്രവർത്തനങ്ങളിലെ അദ്ദേഹത്തിന്റെ പരിചയസമ്പത്തും വിവിധ തലങ്ങളിൽ പ്രവർത്തിച്ചുള്ള നേതൃത്വപാടവവും ഫൊക്കാനയുടെ ട്രസ്റ്റീ ബോർഡിന് പുതിയ ദിശാബോധം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സംഘടനാ രംഗത്തിനൊപ്പം മാധ്യമരംഗത്തും സജിമോൻ ആന്റണി സജീവ സാന്നിധ്യമാണ്. ന്യൂസ് 18, ചാനൽ 24, മനോരമ ന്യൂസ് തുടങ്ങിയ ടെലിവിഷൻ ചാനലുകളിലെ ചർച്ചകളിൽ പങ്കെടുത്ത് സാമൂഹികവും പൊതുപ്രാധാന്യമുള്ളതുമായ വിഷയങ്ങളിൽ തന്റെ നിലപാടുകളും അഭിപ്രായങ്ങളും അദ്ദേഹം അവതരിപ്പിച്ചുവരുന്നു.

വർഷങ്ങളായുള്ള സംഘടനാ പരിചയവും ഭരണനൈപുണ്യവും പുതിയ ആശയങ്ങളെ പ്രാവർത്തികമാക്കാനുള്ള കഴിവും കൈമുതലാക്കി ട്രസ്റ്റീ ബോർഡ് ചെയർമാനെന്ന പുതിയ ഉത്തരവാദിത്വത്തിലേക്ക് കടക്കുന്ന സജിമോൻ ആന്റണിയിൽ നിന്ന് ഫൊക്കാന കൂടുതൽ ശക്തമായ പ്രവർത്തനങ്ങളും ദീർഘവീക്ഷണമുള്ള തീരുമാനങ്ങളും പ്രതീക്ഷിക്കുന്നു.

# ഗാന്ധിജയന്തി അനുസ്മരണ സമ്മേളനം സംഘടിപ്പിച്ച് ഇല്ലിനോയി മലയാളി അസോസിയേഷൻ



**– ലിൻസ് താന്നിച്ചുവട്ടിൽ**

മോർട്ടൺ ഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ ഒക്ടോബർ 4 ഞായറാഴ്ച വൈകുന്നേരം ഇല്ലിനോയി മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു.

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജീവിതവും സന്ദേശങ്ങളും പൈതൃകവും അനുസ്മരിച്ചു കൊണ്ട് നടന്ന സമ്മേളനത്തിൽ വിവിധ സംഘടനകളുടെ നേതാക്കൾ ഗാന്ധിജിയുടെ മഹത്തായ സംഭാവനകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

ഐഎംഎ പ്രസിഡന്റ് ജോയ് പീറ്റേഴ്സ്, സെക്രട്ടറി പ്രെജിൽ അലക്സാണ്ടർ, ട്രഷറർ ഷാനി ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ പരിപാടിയുടെ ഏകോപനം നിർവഹിച്ചു.

സിഎംഎ പ്രസിഡന്റ് ജോസ് മണക്കാട്ട്, ഐ.ഒ.സി. ദേശീയ പ്രസിഡന്റ് സതീശൻ നായർ, ഫോമാ ദേശീയ ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ഐഎംഎ അഡ്വൈസറി ബോർഡ് ചെയർമാൻ ജോർജ് പണിക്കർ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തവും സത്യത്തിനും സമാധാനത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ ജീവിതസമരങ്ങളും ഇന്നത്തെ സമൂഹത്തിനും തലമുറകൾക്കും നൽകുന്ന പ്രസക്തിയും പ്രസംഗകർ ചൂണ്ടിക്കാട്ടി.

ഗാന്ധിജിയുടെ പ്രിയപ്പെട്ട ഭജനയായരഘുപതി രാഘവ രാജാറാംമിനു റോണി ആലപിച്ചു.

അനുസ്മരണ സമ്മേളനത്തിനുശേഷം വിവിധ കലാപരിപാടികളും വിനോദപരിപാടികളും അരങ്ങേറി. പരിപാടിയിൽ പങ്കെടുത്തവർക്കായി ഒരുക്കിയ വിഭവസമൃദ്ധമായ അത്താഴത്തോടെയാണ് സമ്മേളനം സമാപിച്ചത്.

ഗാന്ധിജിയുടെ ജീവിതമൂല്യങ്ങളും സത്യത്തിന്റെയും അഹിംസയുടെയും സന്ദേശങ്ങളും പുതുതലമുറയിലേക്ക് പകരുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി സമൂഹത്തിന്റെ സജീവ പങ്കാളിത്തത്തോടെ ശ്രദ്ധേയമായി. ലിൻസ് താന്നിച്ചുവട്ടിൽ പരിപാടികളുടെ എംസി ആയി പ്രവർത്തിച്ചു.

# ബിജു തുരുത്തിയിൽ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് നടത്തി



കെ.സി.എസ് ചിക്കാഗോ സംഘടിപ്പിച്ച 2026 ബിജു തുരുത്തിയിൽ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ്, കെ.സി.എസ്. ചരിത്രത്തിലെ ഏറ്റവുംആവേശകരവും അവിസ്മരണീയവുമായ ബാഡ്മിന്റൺ മത്സരങ്ങളിലൊന്നായി മാറി. യുവതീയുവാക്കളും മുതിർന്ന താരങ്ങളും ഒരുമിച്ചെത്തിയ ഈ ടൂർണമെന്റ് മികച്ച കായികപ്രകടനങ്ങളുടെയും, ആവേശകരമായ മത്സരങ്ങളുടെയും, കായികമര്യാദയുടെയും, സമൂഹത്തിന്റെ കൂട്ടായ്മയുടെയും മനോഹരമായ വേദിയായി.

ജ്വസിൻ ഇടയാടിയിൽ, സൂദീപ് മാക്കിൽ എന്നിവരുടെ നേതൃത്വത്തിലും മികച്ച ആസൂത്രണത്തിലും ടൂർണമെന്റ് വളരെ ചിട്ടയോടെയാണ് സംഘടിപ്പിച്ചത്.

100ലധികം കുടുംബാംഗങ്ങളും സുഹൃത്തുക്കളും സമൂഹാംഗങ്ങളും മത്സരങ്ങൾ കാണാനും താരങ്ങളെ പ്രോത്സാഹിപ്പിക്കാനും എത്തിയിരുന്നു.

വനിതാ വിഭാഗത്തിൽ മഞ്ജു കൊല്ലപ്പള്ളിൽ ആന്റ് ലെൻ വട്ടക്കുന്നേൽ ഒന്നാം സ്ഥാനവും, മെറലിൻ ജോസ് ആന്റ് ലിയ കുന്നശ്ശേരിൽ രണ്ടാം സ്ഥാനവും ലഭിച്ചു.

40 വയസ്സിന് മുകളിൽ പുരുഷ വിഭാഗത്തിൽ ജോം മറ്റത്തിൽ ആന്റ് വിജി കിഴക്കേപ്പറമ്പിൽ ഒന്നാം സ്ഥാനവും, സിബി ചൂട്ടുവേലിൽ ആന്റ് ജോതിഷ് ചെല്ലമല രണ്ടാം സ്ഥാനവും, ജെയിംസ് വെട്ടിക്കാട്ട് ആന്റ് ഉല്ലാസ് ചക്കാലപ്പടവിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

40 വയസ്സിന് താഴെ പുരുഷ വിഭാഗത്തിൽ ജൂബിൻ വെട്ടിക്കാട്ട് ആന്റ് സച്ചിൻ ചെമ്പാത്ര ഒന്നാം സ്ഥാനവും, മെർവിൻ തോമസ് മൂടികല്ലേൽ ആന്റ് സ്റ്റാൻലി വിരുത്തികുളങ്ങര രണ്ടാം സ്ഥാനവും, ജെസ്ലിൻ വെട്ടിക്കാട്ട് ആന്റ് ജെഫിൻ ചിറക്കുഴിപ്പുത്തൻപറമ്പിൽ മൂന്നാം സ്ഥാനവും ലഭിച്ചു. കെ.സി.എസ്.ചിക്കാഗോ പ്രസിഡന്റ് ജോസ് അണ്ണാമല നന്ദി അറിയിച്ചു.

**October 31:** National Unity Day and Sardar Vallabhbhai Patel Jayanti“National Unity Day, or Rashtriya Ekta Diwas, commemorates Sardar Vallabhbhai Patel’s birth anniversary. Patel played a central role in the political integration of princely states after Independence. The observance highlights national unity, territorial integrity and India’s constitutional and administrative integration

# ഫൊക്കാന ട്രസ്റ്റീ ബോർഡ്

**തോമസ് തോമസ്**
**ട്രസ്റ്റീ ബോർഡ് വൈസ് ചെയർ**

ഫൊക്കാനയുടെ രൂപീകരണകാലം മുതൽ സംഘടനയോടൊപ്പം സജീവമായി പ്രവർത്തിച്ചുവരുന്ന മുതിർന്ന നേതാക്കളിൽ ഒരാളാണ് തോമസ് തോമസ്. ഫൊക്കാനയുടെ ആദ്യകാല ട്രഷററായിരുന്ന അദ്ദേഹം സംഘടനയുടെ സ്ഥാപക നേതൃത്വനിരയിലെ പ്രധാന വ്യക്തികളിലൊരാളാണ്.

ഫൊക്കാനയോടൊപ്പം ഏകദേശം നാല്പതിറ്റാണ്ടായി സഞ്ചരിക്കുന്ന തോമസ് തോമസ്, സംഘടനയുടെ ഇതുവരെയുള്ള കൺവെൻഷനുകളിൽ തുടർച്ചയായി പങ്കെടുത്ത അപൂർവ വ്യക്തികളിൽ ഒരാളാണ്. ഫൊക്കാന കൺവെൻഷൻ വേദികളിലും സംഘടനയുടെ വിവിധ പ്രവർത്തനങ്ങളിലും അദ്ദേഹം എന്നും സജീവ സാന്നിധ്യമാണ്.

ജോർജി വർഗീസ് പ്രസിഡന്റ് ആയിരുന്ന കാലത്ത് വൈസ് പ്രസിഡന്റായും അദ്ദേഹം ഫൊക്കാനയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ശക്തമായിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഡോ. എം. അനിരുദ്ധന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഫൊക്കാന എന്ന ആശയത്തിന് പിന്നിലെ ആദ്യകാല പ്രവർത്തകരിൽ തോമസ് തോമസിനും പ്രധാന പങ്കുണ്ടായിരുന്നു.

ഹോട്ടൽ മാനേജ്മെന്റിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ അദ്ദേഹം അമേരിക്കയിലെ പ്രമുഖ ഹോട്ടലുകളിൽ പ്രവർത്തിക്കുകയും ഹോളണ്ട് ഹോട്ടലിന്റെ ജനറൽ മാനേജർ പദവിയിലെത്തുകയും ചെയ്തു. 2000ൽ ട്രോഫി വേൾഡ് എന്ന സ്ഥാപനം ആരംഭിച്ചതോടെ ബിസിനസ് രംഗത്ത് പൂർണമായി ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ന് അമേരിക്കയിലെ മലയാളി ഉടമസ്ഥതയിലുള്ള ശ്രദ്ധേയമായ ട്രോഫി സ്ഥാപനങ്ങളിലൊന്നായി ട്രോഫി വേൾഡ് അറിയപ്പെടുന്നു.

സാമൂഹിക, സാംസ്കാരിക മേഖലകളിലും അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിലും തോമസ് തോമസ് സജീവ സാന്നിധ്യമാണ്.

**ബിജു ജോൺ**
**ട്രസ്റ്റീ ബോർഡ് സെക്രട്ടറി**

ഫൊക്കാനയുടെ 2022–24 ഭരണസമിതിയിൽ ട്രഷററായി പ്രവർത്തിച്ച ബിജു ജോൺ കൊട്ടാരക്കര, സാമ്പത്തിക കാര്യ നിർവഹണത്തിലും സംഘടനാ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ പരിചയസമ്പത്തുള്ള നേതാവാണ്.

മുൻ അഡീഷണൽ അസോസിയേറ്റ് ട്രഷറർ, ട്രസ്റ്റീ ബോർഡ് സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്ത ബിജു, സംഘടനയുടെ ഭരണപരമായ വിവിധ മേഖലകളിൽ തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. നിലവിൽ ലോക കേരള സഭാംഗം കൂടിയാണ്.

മാധ്യമപ്രവർത്തകനായ ബിജു ജോൺ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്റർ, ഫൊക്കാന കൺവെൻഷൻ മാഗസിന്റെ ചീഫ് എഡിറ്റർ, കേരളാ സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ സിൽവർ ജൂബിലി സുവനീറിന്റെ ചീഫ് എഡിറ്റർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ ന്യൂസ്‌ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോർഡിനേറ്ററായും, കെഇഎഎൻ ലോംഗ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡന്റ്, പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

എൻജിനീയറിംഗ്, എം.ബി.എ. ബിരുദധാരിയായ ബിജു ജോൺ കൊട്ടാരക്കര ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിലെ ജോലിയോടൊപ്പം വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്.

ഫൊക്കാനയുടെ പുതിയ ട്രസ്റ്റീ ബോർഡ് നേതൃത്വം സംഘടനയുടെ ഭരണപരമായ തുടർച്ചയ്ക്കും ഭാവി പ്രവർത്തനങ്ങൾക്കും കൂടുതൽ ഊർജം പകരുമെന്ന പ്രതീക്ഷയിലാണ് ഫൊക്കാന പ്രവർത്തകർ.

# ഫിലാഡൽഫിയ ഐ.പി.സി ഹെബ്രോൻ സമർപ്പണ ആരാധനാ ശുശ്രൂഷ 18ന്

**– നിബു വെള്ളവന്താനം**

ഫിലഡൽഫിയ : പെൻസിൽവാനിയലിലുള്ള ഫിലാഡൽഫിയ ഐ.പി.സി ഹെബ്രോൻ സഭയുടെ പുതിയ കെട്ടിടത്തിന്റെ സമർപ്പണ ആരാധനാ ശുശ്രൂഷ ഒക്ടോബർ 18 ഞായറാഴ്ച രാവിലെ 9:30ന് നടത്തപ്പെടും. വിശാലമായ ആരാധനാ ഹാൾ, കുട്ടികൾക്കായുള്ള പ്രത്യേക ആരാധനാ മുറി, ഫെലോഷിപ്പ് ഹാൾ, 150 വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം എന്നിവ പുതിയ കെട്ടിടത്തിന്റെ പ്രത്യേകതകളാണ്.

ഐപിസി സീനിയർ പാസ്റ്റർ റവ.എം.എസ്. സാമുവൽ, സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് പാസ്റ്റർ വി. ടി. എബ്രഹാം എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. റവ.ഡോ.മോനിസ് ജോർജ്, ഐ.പി.സി ഹെബ്രോൻ സഭയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. ആത്മീയ ശുശ്രൂഷ ചടങ്ങിൽ പങ്കുചേരാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി അദ്ദേഹം അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്:
972 904 0994 എന്ന നമ്പറിൽ ബന്ധപ്പെടുക.

# വാഷിംഗ്ടണിലെ ഏറ്റവും സ്വാധീനശക്തിയുള്ള വനിത: പട്ടികയിൽ 9 ഇന്ത്യൻ അമേരിക്കൻ സ്ത്രീകൾ



**– പി.പി ചെറിയാൻ**

വാഷിംഗ്ടൺ ഡി.സി: അമേരിക്കൻ തലസ്ഥാനത്തെ ഏറ്റവും സ്വാധീനമുള്ള 300 വനിതകളുടെ 2026 ലെ 'വാഷിംഗ്ടൺ മാഗസിൻ' പട്ടികയിൽ 9 ഇന്ത്യൻ അമേരിക്കൻ വംശജർ ഇടംനേടി. രാഷ്ട്രീയം, നിയമം, വ്യവസായം, ജീവകാരുണ്യം, മാധ്യമം എന്നീ രംഗങ്ങളിൽ തിളങ്ങിനിൽക്കുന്ന പ്രമുഖരെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഉഷ വാൻസ് (യു.എസ് സെക്കൻഡ് ലേഡി), ഗസല ഹാഷ്മി (വെർജീനിയ ലഫ്റ്റനന്റ് ഗവർണർ), അരുണ മില്ലർ (മേരിലാൻഡ് ലഫ്റ്റനന്റ് ഗവർണർ), നിയോമി റാവു (ഡി.സി സർക്യൂട്ട് ജഡ്ജി), ഹർമീത് ധില്ലൻ (യു.എസ് അസിസ്റ്റന്റ് അറ്റോർണി ജനറൽ), രാധ മുത്തയ്യ (കാപ്പിറ്റൽ ഏരിയ ഫുഡ് ബാങ്ക് മേധാവി), സ്വാതി ശർമ്മ (വോക്സ് എഡിറ്റർ ഇൻ ചീഫ് ആന്റ് പബ്ലിഷ്ഡ്), മോണിക്ക മോദി ദാൽവാദി, റീന ബൻസാൽ തുടങ്ങിയവരും പട്ടികയിലുണ്ട്.

വിവിധ മേഖലകളിൽ വ്യക്തമായ സ്വാധീനം ചെലുത്തുന്നവരെയാണ് വിദഗ്ധരുടെ സഹായത്തോടെ മാഗസിൻ തെരഞ്ഞെടുത്തത്. വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടുകളുള്ള വനിതകളെ ഒരുപോലെ അംഗീകരിക്കുന്നതാണ് ഈ പട്ടിക.

# കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം സെമിനാറിന് അനുഗ്രഹ സമാപ്തി



**– രാജു തരകൻ**

ഡാളസ്: കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മസ്ക്യൂറ്റ് ഷാരോൺ ഫെലോഷിപ്പ് സഭാ ആഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ റവ.ജോർജമ മാത്യൂ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ജെയിംസ് ഇമ്മാനുവേൽ ആശംസാ സന്ദേശം നൽകി. എഴുത്ത് തലമുറകളിലൂടെഎന്നതായിരുന്നു സെമിനാറിലെ മുഖ്യ വിഷയം.

റവ. കോശിവൈദ്യന്റെ പ്രാർത്ഥനയോടു കൂടി തുടക്കം കുറിച്ച സമ്മേളനത്തിൽ ഷാജി വിളയിൽ, ഷാരോൻ മാത്യു, സിസ്റ്റർ പ്രിൻസി മാത്യൂ തുടങ്ങിയവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു. ചാപ്റ്റർ പ്രസിഡന്റ് ഷാജി മണിയാറ്റ് അദ്ധ്യക്ഷ പ്രസംഗത്തിൽ എഴുത്തിന്റ ലക്ഷ്യവും വിവിധ ഘടനകളും വിശദീകരിച്ചു പ്രസംഗിച്ചു. പട്ടണത്തിലെ വിവിധ സഭകളിൽ നിന്നു കടന്നുവന്ന സഭാശുശ്രൂഷകർ, സഭാ ലീഡേഴ്സ്, വിശ്വാസികൾ, പത്രപ്രവർത്തകർ തുടങ്ങിയവരെ സ്വാഗതം ചെയ്തു ചാപ്റ്റർ സെക്രട്ടറി എസ്.പി.ജെയിംസ് പ്രസംഗിച്ചു. രാജു തരകൻ (ട്രഷറർ) കൃതജ്ഞത പറഞ്ഞു.

റവ. മാത്യൂ വർഗ്ഗീസ്, റവ.വിയപുരം ജോർജുകുട്ടി, വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. വെസ്‌ലി മാത്യു (മീഡിയ), സാം മാത്യു പബ്ലിസിറ്റി എന്നി നിലകളിൽ ഭരണ സമിതിയോടൊപ്പം വിവിധ നിലകളിൽ പ്രവർത്തിച്ചു . എഴുത്ത് ഒരു കാലഘട്ടത്തിന്റെ ചരിത്രമായ് വരും തലമുറകളിലേക്ക് പകരപ്പെടണമെന്ന ആഹ്വാനത്തോടെയാണ് ഈ സമ്മേളനം സമാപിച്ചത്.

ചാപ്റ്ററുമായ് ബന്ധപ്പെടുവാൻ: ഷാജി മണിയാറ്റ് (പ്രസിഡന്റ്) 214 929 4310, എസ്.പി.ജെയിംസ് (സെക്രട്ടറി) 214 334 6962, രാജു തരകൻ (ട്രഷറർ) 469 274 2926.

# ക്രിസ്തീയ സംഗീത ആൽബം ബിഷപ്പ് ഡോ. ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത പ്രകാശനം നിർവഹിച്ചു



**– സജി പുല്ലാട് ഹൂസ്റ്റൺ**

ഹൂസ്റ്റൺ: രക്ഷയിൻ സന്തോഷംഎന്ന ക്രിസ്തീയ സംഗീത ആൽബം ഹൂസ്റ്റണിൽ നടന്ന സ്വകാര്യ ചടങ്ങിൽ മാർത്തോമ്മാ സഭയുടെ റാന്നി നിലയ്ക്കൽ ഭദ്രാസന ബിഷപ്പ് ഡോ. ജോസഫ് മാർ ബർണബാസ് ▶

## സംഗീതജ്ഞൻ ജെ. വി.പീറ്ററിന്റെയും സാങ്കി പീറ്ററിന്റെയും ഓർമ്മക്കായി ഡാളസിൽ സംഗീത സായാഹ്നം




**- പി. പി ചെറിയാൻ**

ഡാളസ്: ക്രൈസ്തവ സംഗീത ലോകത്തിന് സമാനതകളില്ലാത്ത സംഭാവനകൾ നൽകിയ പ്രശസ്ത സംഗീതജ്ഞൻ ഇവാ.ജെ.വി. പീറ്ററിന്റെയും അദ്ദേഹത്തിന്റെ മകൻ സാങ്കി പീറ്ററിന്റെയും സ്മരണാർത്ഥം ഡാളസിൽ പ്രത്യേകസംഗീത സായാഹ്നം സംഘടിപ്പിക്കുന്നു.

'എണ്ണി എണ്ണി സ്തുതിക്കുവാൻ', 'നീയെൻ സ്വന്തം നീയെൻ പക്ഷം', 'നിനക്കായ് കരുതും അവൻ', 'പിളർന്നതാം പാറയെ' തുടങ്ങിയ അഞ്ഞൂറോളം ആത്മീയ ഗാനങ്ങളുടെ രചയിതാവാണ് ജെ.വി.പീറ്റർ. അനേകം പ്രതിഭകളെ വാർത്തെടുത്ത ഗോസ്പൽ ട്യൂണേഴ്സ് എന്ന ക്രിസ്തീയ മ്യൂസിക്കൽ ബാൻഡിന്റെ സാരഥിയുമായിരുന്നു അദ്ദേഹം. ജെ.വി. പീറ്ററിന്റെയും സാങ്കി പീറ്ററിന്റെയും ജീവിതത്തെയും സംഗീത പൈതൃകത്തെയും ആദരിച്ചുകൊണ്ട് ക്രിസ്ത്യൻ ക്ലാസ്സിക്കൽ മ്യൂസിക് ബാൻഡായ' ക്രോസ്സ് റിവർ വോയ്സ് ഡാളസ്' ആണ് ഈ സ്മരണാഞ്ജലി ഒരുക്കുന്നത്.

നവംബർ 8, ഞായറാഴ്ച ഡാളസിലെ റോലറ്റിലുള്ള ഫിലഡൽഫിയ പെന്തക്കോസ്തൽ ചർച്ചിൽ വെച്ചാണ് പരിപാടി നടക്കുന്നത്. ജെ.വി.പീറ്ററിന്റെയും സാങ്കി പീറ്ററിന്റെയും പ്രശസ്ത ഗാനങ്ങളും അവയുടെ പിറകിലുള്ള പശ്ചാത്തല സാക്ഷ്യങ്ങളും മാത്രമായിരിക്കും ഈ സംഗീത സായാഹ്നത്തിന്റെ പ്രധാന ആകർഷണം. 'ഗോസ്പൽ ട്യൂണേഴ്സ്' മായി ബന്ധപ്പെട്ട് പ്രവർത്തിച്ച പ്രമുഖ ഗായകരും കലാകാരന്മാരും ഈ സ്മരണാഞ്ജലി സംഗീതവിരുന്നിൽ പങ്കുചേരും.

കൂടുതൽ വിവരങ്ങൾക്ക്:
ജോൺസ് പി. മാത്യൂസ്: 214 298 5415,
മാത്യു കോശി: 972 41 5 6587

*"Life's only nod to fairness was the blindness with which it dealt unfair blows."*
*-Kate Morton, The Clockmaker's Daughter*

## ആൽബം ബിഷപ്പ് ഡോ. ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത പ്രകാശനം

*9-ാം പേജിൽ നിന്നും*

സഫ്രഗൻ മെത്രാപ്പോലീത്ത പ്രകാശനം നിർവ്വഹിച്ചു. ഗാനരചന ജോജി സാം ജേക്കബും സംഗീതം സജി പുല്ലാടും നിർവഹിച്ചിരിക്കുന്നു. വിശ്വാസത്തിന്റെയും രക്ഷയുടെയും ക്രിസ്തുവിൽ ഉള്ള യഥാർത്ഥ സന്തോഷത്തിന്റെയും സന്ദേശം ഉൾക്കൊണ്ട് അവതരിപ്പിച്ച രക്ഷയിൻ സന്തോഷം എന്ന ഗാനത്തിന് എല്ലാവിധമായ അനുഗ്രഹങ്ങളും നേരുന്നു എന്ന് ബിഷപ്പ് ഡോ.ബർണബാസ് ആശംസിച്ചു.

ട്രിനിറ്റി മാർത്തോമ്മാ ഇടവക വികാരി റവ. ജിജോ എം ജേക്കബ്, അസിസ്റ്റന്റ് വികാരി റവ.സോനു വർഗീസ്, റവ. ഉമ്മൻ ശാമുവേൽ കൂടാതെ നിസ്സി ജേക്കബ്, ജോർജി വർഗീസ്, ജോസ് ചാക്കോ, തോമസ് ഫിലിപ്പ് (ബാബു), ജോസഫ് വർഗീസ് (രാജൻ), മോളി ചിറയിൽ, സൂസൻ കുര്യൻ, ലീലാമ്മ ഈപ്പൻ, ജെയ്മോൾ മാത്യു, റോജൻ ഉമ്മൻ, റൂബൻ, റോണൻ, രവേന എന്നിവർ ആശംസകൾ നേർന്നു.

ആധുനിക സംഗീതത്തിന്റെ ഭംഗിയും പരമ്പരാഗത ക്രിസ്തീയ ഭക്തിഗാനങ്ങളുടെ ആത്മീയതയും സമന്വയിപ്പിച്ച് ഒരുക്കിയിരിക്കുന്ന ഈ ഗാനം അമേരിക്കയിലും കേരളത്തിലുമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

സജി പുല്ലാടും മകൾ ഡോ. ലിൻസ ആൻ സജിയും ചേർന്ന് ഗാനം ആലപിച്ചിരിക്കുന്നു. പശ്ചാത്തല സംഗീതം, എഡിറ്റിംഗ്, മിക്സിങ്, റെക്കോർഡിങ് നിർവഹിച്ചിരിക്കുന്നത് ജോയൽ ജോകുട്ടൻ, കുമ്പനാട് മിക്സ് വേവ്സ് ഡിജിറ്റൽ സ്റ്റുഡിയോ. സംഗീത ആസ്വാദകർക്ക് ഒരു പുതിയ അനുഭവം തരുന്ന രക്ഷയിൻ സന്തോഷം എന്ന ഗാനം ആരാധനകളിലും കൺവെൻഷനുകളിലും പാടി ആരാധിച്ച് ദൈവീക അനുഗ്രഹം പ്രാപിക്കുവാൻ ഗാനം ശ്രവിക്കുന്ന ഏവരെയും സർവ്വശക്തൻ സഹായിക്കട്ടെ.

https://youtu.be/kdNK_-AoH6s

## നോർത്ത് അമേരിക്ക മാർത്തോമ്മാ ഭദ്രാസന സേവികാ സംഘം 22-ാമത് സമ്മേളനം നടത്തി



**- പി പി ചെറിയാൻ**

ഫിലഡൽഫിയ: പുതിയ നിയമത്തിന്റെ കാതൽ സ്ത്രീകളുടെ മിഷണറി ചൈതന്യത്തിൽ അധിഷ്ഠിതമാണെന്നും, ചരിത്രത്തിലെ ആദ്യ മിഷണറി ഒരു വനിതയായിരുന്നുവെന്നും ഭദ്രാസനാധിപൻ റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് പറഞ്ഞു. മാർത്തോമ്മാ സുറിയാനി സേവികാ സംഘത്തിന്റെ ഒക്ടോബർ 1 മുതൽ മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന 22-ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തിരുമേനി.

കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് പുലർച്ചെ സാക്ഷ്യം വഹിക്കാനും ശവകുടീരത്തിൽ ധൈര്യത്തോടെ കാത്തുനിൽക്കാനും ഒരു സ്ത്രീ മാത്രമാണ് തയ്യാറായത്. ശിഷ്യന്മാർ പോലും മടങ്ങിപ്പോയപ്പോൾ തനിച്ചായിരുന്ന ആ സ്ത്രീയാണ് ലോകത്തിന് പുനരുത്ഥാനത്തിന്റെ ആദ്യ സന്ദേശം നൽകിയതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ആദ്യ ഈസ്റ്റർ രാവിലത്തെ ആ കൂടിക്കാഴ്ചയിലൂടെയാണ് ക്രിസ്തീയ മിഷൻ ആരംഭിച്ചതെന്നും, അതിന്റെ പ്രഥമ വാഹക സ്ത്രീയായിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ നൂറ്റാണ്ടിലധികമായി മാർത്തോമ്മാ സുറിയാനി സേവികാ സംഘം ഈ സന്ദേശം ലോകമെമ്പാടും എത്തിക്കുന്നതിൽ മാതൃകാപരമായ പങ്കുവഹിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ക്രിസ്തുവിൽ വേരുറച്ചവരും മിഷനിലൂടെ നയിക്കപ്പെടുന്നവരുംഎന്നതാണ് ഇ ൗ വർഷത്തെ സമ്മേളനത്തിന്റെ മുഖ്യ പ്രമേയം.

22-ാമത് മാർത്തോമ്മാ സുറിയാനി സേവികാ സംഘം സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചതായി തിരുമേനി പ്രഖ്യാപിച്ചു. കുടുംബങ്ങളിലും സമൂഹങ്ങളിലും ഈ സ്നേഹത്തിന്റെയും പുനരുത്ഥാനത്തിന്റെയും സന്ദേശം എത്തിക്കാൻ എല്ലാ അമ്മമാരും സഹോദരിമാരും തയ്യാറാകണമെന്ന് ആഹ്വാനം ചെയ്തു. ആതിഥേയ സംഘാടകർക്കും പങ്കെടുത്ത മുഴുവൻ പേർക്കും തിരുമേനി നന്ദി അറിയിച്ചു.

## സംഗീത സംവിധായകനുള്ള പുരസ്കാരം ഏറ്റുവാങ്ങി സജി പുല്ലാട്



ഹൂസ്റ്റൺ: രക്ഷയിൻ സന്തോഷംഎന്ന ക്രിസ്തീയ ഭക്തിഗാനത്തിന്റെ സംഗീത സംവിധായകനായ സജി പുല്ലാടിന് പുരസ്കാരം.

മാർത്തോമ്മ സഭയുടെ റാന്നി നിലയ്ക്കൽ ഭദ്രാസന ബിഷപ്പ് ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയാണ് പുരസ്കാരം സമ്മാനിച്ചത്.

ഇതിനു മുൻപ് നിരവധി ഭക്തിഗാനങ്ങളുടെ രചനയും സംഗീത സംവിധാനവും നിർവഹിച്ചിട്ടുള്ള സജി പുല്ലാട് ധാരാളം ഗാനങ്ങൾ ആലപിച്ചിട്ടുമുണ്ട്.

2004 ലും, 2009ലും, 2024ലും പുരസ്കാരങ്ങൾ നേടിയിട്ടുള്ള തനിക്ക് ദൈവം നൽകിയ കഴിവ് ഭക്തിഗാനങ്ങളിലൂടെ പ്രകടിപ്പിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് പറയുന്നു.

സംഗീത ലോകത്ത് കുടുംബ പാരമ്പര്യമുള്ള സജി പുല്ലാട് ഇനിയും കൂടുതൽ ഉയരങ്ങളിൽ എത്തട്ടെ എന്നും, ജോജിക്ക് കൂടുതൽ മനോഹരമായ ഗാനങ്ങൾ എഴുതുവാൻ അവസരം ദൈവം നൽകട്ടെയെന്നും സഫ്രഗൻ മെത്രാപ്പോലീത്ത ആശംസിച്ചു.

ജഹോവ നിസ്സി മ്യൂസിക് ക്രിയേഷൻസിന്റെ ബാനറിൽ ജോജി സാം ജേക്കബ്ബാണ് രചന നിർവഹിച്ചത്.

ഹൂസ്റ്റണിൽ നടന്ന ചടങ്ങിൽ വൈദീക ശ്രേഷ്ഠരായ റവ.ജിജോ എം.ജേക്കബ്, റവ.സോനു വർഗീസ്, റവ.ഉമ്മൻ ശാമുവേൽ, നിസ്സി ജേക്കബ്, ജോസ് ചാക്കോ, ജോർജി ഫ്ലോറിഡ, ജീമോൻ റാന്നി എന്നിവർ ആശംസകൾ നേർന്നു. തനിക്ക് ലഭിച്ച ഈ അംഗീകാരത്തിന് വളരെ സന്തോഷവും, നന്ദിയും സജി പുല്ലാട് അറിയിച്ചു.

ഭാര്യ റോസ് ലിൻ സജി, മകൾ ഡോ. ലിൻസ ആൻ സജി, ക്രിസ്റ്റി സോളമൻ എന്നീ സംഗീത കുടുംബം പൂർണ്ണ പിന്തുണയുമായി ഒപ്പമുണ്ട്.

*"It was the best of times, it was the worst of times, it was the age of wisdom, it was the age of foolishness, it was the epoch of belief, it was the epoch of incredulity, it was the season of Light, it was the season of Darkness, it was the spring of hope, it was the winter of despair."* - Charles Dickens, A Tale of Two Cities

# മലയാള സർവകലാശാലയിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു

**– ജിജി ടോം (ഫൊക്കാന പി.ആർ.ഒ)**

തിരൂർ: എൻഎസ്എസ് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം സംഘടിപ്പിച്ചു.

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് ഉദ്ഘാടനം നിർവ്വഹിച്ചു.

2026– 2028 ഫൊക്കാന ഭരണ സമിതി അധികാരത്തിൽ വന്നപ്പോൾ എടുത്ത പ്രധാന തീരുമാനം കേരള ഗവൺമെന്റിന്റെ ലഹരി വിരുദ്ധ പദ്ധതിയായ ഓപ്പറേഷൻ തൂഫാനുമായി സഹകരിച്ച് കേരളത്തിൽ വിവിധയിടങ്ങളിൽ ലഹരി വിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ഫൊക്കാന നേതൃത്വം നൽകുമെന്നാണ്. മലയാള സർവ്വകലാശാല സന്ദർശിക്കാൻ എത്തിയ സമയത്ത് ഇവിടെ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു.

മുൻ എക്സൈസ് ഓഫീസർ ബി. ഹരികുമാർ ക്ലാസ്സ് നയിച്ചു. എൻ എസ് എസ് പൂർവ്വ അംഗങ്ങളുടെ സംഘടനയുടെ പേരും ലോഗോയും ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, ഗവേഷകൻ ജിനുവിന് നൽകി പ്രകാശനം ചെയ്തു. മുഖം ബുക്സ് എഡിറ്റർ അനിൽ പെണ്ണുക്കര ആശംസകൾ നേർന്നു. ചടങ്ങിൽ എൻഎസ്എസ് കോർഡിനേറ്റർ ഡോ.കെ.ബാബുരാജൻ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ഡോ.കെ ശുഭ സ്വാഗതവും സനിക സുനിൽ നന്ദിയും പറഞ്ഞു.

# ഇന്ത്യാ പ്രസ് ക്ലബ് മാധ്യമശ്രീ മാധ്യമരത്ന പുരസ്കാരങ്ങൾ: തോമസ് ജേക്കബ്, ഡോ.എം.വി പിള്ള, ജോസ് പനച്ചിപ്പുറം എന്നിവർ ജൂറി അംഗങ്ങൾ




ന്യൂ യോർക്ക്: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക കേരളത്തിലെ മാധ്യമ പ്രവർത്തകർക്കായി നൽകാറുള്ള അഭിമാന പുരസ്കാരങ്ങളായ മാധ്യമശ്രീ, മാധ്യമരത്ന എന്നീ അവാർഡുകൾക്കായി ജൂറി കമ്മറ്റി രൂപീകരിച്ചു. പരിണതപ്രജ്ഞരായ മാധ്യമ പ്രവർത്തകർ തോമസ് ജേക്കബ്, ജോസ് പനച്ചിപ്പുറം എന്നിവർക്കൊപ്പം പ്രശസ്ത സാഹിത്യകാരനും വാഗ്മിയും ഓങ്കോളജിസ്റ്റുമായ ഡോ.എം.വി പിള്ളയുമാണ് ജൂറി അംഗങ്ങൾ.

ജേണലിസ്റ്റ് ട്രെയിനിയായി തുടങ്ങി ആദ്യത്തെ എഡിറ്റോറിയൽ ഡയറക്ടറായി ഉയർന്ന തോമസ് ജേക്കബ് മനോരമയുടെ മുഖ്യസാരഥി തന്നെയായിരുന്നു. ലോകത്തിലെ മുതിർന്ന പത്രപ്രവർത്തകർക്കായി തോംസൺ ഫൗണ്ടേഷൻ ബ്രിട്ടനിൽ നടത്തുന്ന പത്രപ്രവർത്തന പരിശീലന പരിപാടിയിൽ ഒന്നാം സ്ഥാനം നേടുന്ന (1969) ആദ്യ ഇന്ത്യക്കാരനാണ് തോമസ് ജേക്കബ്.

മലയാള സാഹിത്യത്തിലെ അഗ്രഗണ്യരായിരുന്ന കൈനിക്കര സഹോദരന്മാരിൽ മൂന്നാമൻ കൈനിക്കര മാധവൻ പിള്ളയുടെ മകൻ, ലോകമെമ്പാടും അറിയപ്പെടുന്ന കാൻസർ രോഗവിദഗ്ദ്ധൻ തന്റെ അറിവും കഴിവും കേരളത്തിലെ കാൻസർ രോഗികളെ സഹായിക്കാനായി റിട്ടയർമെന്റിന് ശേഷവും നിരന്തരം പ്രവർത്തിക്കുന്ന മനുഷ്യസ്നേഹി എന്നീ നിലകളിൽ പ്രശസ്തനായ ഡോ.എം.വി പിള്ള അമേരിക്കൻ മലയാളികൾക്ക് പ്രിയങ്കരനാണ്.

മലയാള മനോരമയുടെ രണ്ടാമത്തെ എഡിറ്റോറിയൽ ഡയറക്ടറും, സാഹിത്യകാരനും, കേരളത്തിലെ മുതിർന്ന മാധ്യമ പ്രവർത്തകനുമാണ് ജോസ് പനച്ചിപ്പുറം. മലയാള മനോരമയുടെ മുൻ എഡിറ്റോറിയൽ ഡയറക്ടറും ഭാഷാപോഷിണി സാഹിത്യ മാസികയുടെ മുൻ എഡിറ്റർ ഇൻ ചാർജുമാണ്. തരംഗങ്ങളിൽ, സ്നേഹപൂർവം പനച്ചി എന്നീ ആക്ഷേപഹാസ്യനർമ്മപംക്തികളിലൂടെ ശ്രദ്ധേയനായ അദ്ദേഹം 2003ൽ സ്നേഹപൂർവം പനച്ചി എന്ന കൃതിക്കും 2005ൽ കണ്ണാടിയിലെ മഴ എന്ന നോവലിനും കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി.

2027 ജനുവരി 8ന് 5ന് കൊച്ചിയിലെ ഗോകുലം പാർക്ക് ഹോട്ടൽ കൺവെൻഷൻ സെന്ററിലായിരിക്കും പുരസ്കാരങ്ങൾ വിതരണം ചെയ്യുക.

# ഡോ.ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയ്ക്ക് സിഎംഎസ് കോളേജ് അലുമ്നി സ്വീകരണം നൽകി



**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: കോട്ടയം സി.എം.എസ്. കോളേജ് അലുമ്നി ഹൂസ്റ്റൺ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഹ്രസ്വ സന്ദർശനാർത്ഥം ഹൂസ്റ്റണിൽ എത്തിച്ചേർന്ന മാർത്തോമാ സഭയുടെ റാന്നി നിലയ്ക്കൽ ഭദ്രാസന അധ്യക്ഷനും സിഎംഎസ് കോളേജ് പൂർവവിദ്യാർത്ഥിയുമായ അഭിവന്ദ്യ ഡോ.ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയ്ക്ക് സ്നേഹോഷ്മള സ്വീകരണം നൽകി.

പൗരോഹിത്യ ശുശ്രൂഷയിൽ 50 വർഷം പൂർത്തിയാക്കിയതിന്റെയും മെത്രാഭിഷേകത്തിന്റെ 34–ാം വാർഷികത്തിന്റെയും ഭാഗമായി സംഘടിപ്പിച്ച പ്രത്യേക അനുമോദന സമ്മേളനം ഒക്ടോബർ 3 ശനിയാഴ്ച രാവിലെ 11 മണിക്ക് ട്രിനിറ്റി മാർത്തോമ്മാ ദേവാലയത്തിൽ നടന്നു.

സെന്റ് തോമസ് സിഎസ്ഐ ഇടവക വികാരി റവ.ദീബു എബി ജോൺ പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ടിറ്റി മാത്യു സ്വാഗതം ആശംസിച്ചു.

പ്രൊഫ.ഡോ.സക്കറിയാ ഉമ്മൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വിശിഷ്ടാതിഥിയായ റവ.ഡോ.ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത അനുഗ്രഹ സന്ദേശം നല്കിയതോടൊപ്പം കോളേജിൽ പഠിച്ച നല്ല കാലങ്ങളുടെ സ്മരണകൾ പങ്കിട്ടു.

റവ.ദീബു ഏബി ജോൺ, വി.വി.ബാബുകുട്ടി, ജോൺ ചാക്കോ (ജോസ്) രാജൻ തോമസ്, പ്രൊഫ.സിസി റേച്ചൽ സക്കറിയ, സുഗു ഫിലിപ്പ് തുടങ്ങിയവർ കോളേജിന്റെ പഠനകാല സ്മരണകൾ പങ്കിട്ടു. മാധ്യമ പ്രവർത്തകൻ ജീമോൻ റാന്നി അലുംനി ഹൂസ്റ്റൺ ചാപ്റ്ററിനും അഭിവന്ദ്യ തിരുമേനിക്കും ആശംസകൾ നേർന്നു

അലുമ്നിയുടെ സ്നോഹോപഹാരമായി തിരുമേനിക്ക് മൊമെന്റോ നൽകി. സഭയെപ്പറ്റിയും ക്രൈസ്തവ സമൂഹത്തെയും കുറിച്ചുള്ള ദീർഘദർശനം, വിശാലമായ എക്യുമെനിക്കൽ കാഴ്ചപ്പാടുകൾ, പ്രകൃതി പരിസ്ഥിതി സ്നേഹം തുടങ്ങി തിരുമേനിയുടെ വിശിഷ്ട സ്വഭാവങ്ങളെ പ്രഭാഷകർ പ്രകീർത്തിച്ചു. ജയിംസ് മാത്യു ഗാനാലാപനം നടത്തി. ഡോ.ജാൻസി ജേക്കബ് നന്ദി പറഞ്ഞു. പ്രൊഫ. ടോം തോമസ് സമാപന പ്രാർത്ഥന നടത്തി. തിരുമേനിയുടെ ആശീർവാദത്തോടെ സമ്മേളനം അവസാനിച്ചു.

സിഎംഎസ് കോളജ് അലുമ്നിയുടെ ഹൂസ്റ്റൺ ചാപ്റ്റർ വിപുലീകരിക്കുന്നതിനു സമ്മേളനം തീരുമാനിച്ചു. ഹൂസ്റ്റണിലും പരിസരപദേശങ്ങളിലുമുള്ള കോളേജ് പൂർവ വിദ്യാർഥികൾക്ക് ബന്ധപ്പെടാവുന്ന നമ്പറുകൾ, പ്രൊഫ. സഖറിയ ഉമ്മൻ 229 669 7700, റ്റിറ്റി മാത്യു 832 279 6017, വി.വി.ബാബുക്കുട്ടി 713 732 4087, ജോൺ ചാക്കോ (ജോസ്) 832 794 3316.

# മിഷൻലീഗ് ഡാളസ് ഇടവക പ്രവേശനോത്സവം നടത്തി

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിൽ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ മിഷൻലീഗ് പ്രവേശനോത്സവം നടത്തപ്പെട്ടു.

ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾ പ്രത്യേക വേഷത്തോടെ മിഷൻലീഗ് പതാക പേറി മിഷൻലീഗ് ബാഡ്ജും വഹിച്ച് കൊണ്ട് പ്രദക്ഷിണമായി നീങ്ങുകയും വികാരി ഫാ.ബിൻസ് ചേത്തലിൽ പ്രത്യേകം പ്രാർത്ഥന നടത്തി ബാഡ്ജ് ഏവരെയും ഏല്പിച്ചു. അതിന് ഒരുക്കമായി മിനിസ്ട്രി ദിനമായി പ്രത്യേകം ആഘോഷിച്ചു.

എല്ലാം കുട്ടികൾക്കും മിഷ്യൻലീഗിന്റെ പ്രാധാന്യത്തെക്കുറിച്ച് സി.ജോസിയ സെമിനാർ നടത്തി. സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി.കൊച്ചുത്രെസ്യാ തിരുന്നാൾ കുട്ടികളുടെ നേതൃത്വത്തിൽ ഏറ്റ് നടത്തപ്പെട്ടു. ഫാ.സോജൻ കുഴിപ്പിൽ കുട്ടികൾക്കായ് വി.ബലിയർപ്പിച്ച് സന്ദേശം നൽകി.



ക്രിസ്തുരാജ ക്നാനായകത്തോലിക്ക ഇടവകയിൽ വിശ്വാസപരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന മിഷൻലീഗ് പ്രവേശനോത്സവത്തിൽ നിന്നും

"She hadn't realized how long it takes to become somebody else, or how lonely it can be living in a world not meant for you." - Brit Bennett, The Vanishing Half

"We are what we pretend to be, so we must be careful about what we pretend to be."

-Kurt Vonnegut, Mother Night